©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2023

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

## പതിനഞ്ചാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2021-2023)

**ഒമ്പതാമത് റിപ്പോർട്ട്**

(2023 മാർച്ച് മാസം 17-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പരിസ്ഥിതി സംബന്ധിച്ച സമിതി (2016-2019)-യുടെ പതിനഞ്ചാമത് റിപ്പോർട്ടിലെ (ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ടുള്ള പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ച് പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ പ്രത്യേക റിപ്പോർട്ട്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച്]**


കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2023

പതിനഞ്ചാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2021-2023)

ഒമ്പതാമത് റിപ്പോർട്ട്
(2023 മാർച്ച് മാസം 17-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[പരിസ്ഥിതി സംബന്ധിച്ച സമിതി (2016-2019)-യുടെ പതിനഞ്ചാമത്
റിപ്പോർട്ടിലെ (ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ടുള്ള പരിസ്ഥിതി
പ്രശ്നങ്ങളെക്കുറിച്ച് പരിസ്ഥിതി സംബന്ധിച്ച
സമിതിയുടെ പ്രത്യേക റിപ്പോർട്ട്)
ശിപാർശകളിന്മേൽ സർക്കാർ
സ്വീകരിച്ച നടപടികൾ
സംബന്ധിച്ച്]

461/2023.

## ഉള്ളടക്കം


| | | | |
|---|---|---|---|
| | | | *പേജ്* |
| സമിതിയുടെ ഘടന | | .. | v |
| ആമുഖം | | .. | vii |
| അദ്ധ്യായം I | : റിപ്പോർട്ട് | .. | 1 |
| അദ്ധ്യായം II | : സമിതിയുടെ ശിപാർശകളും അവയിന്മേൽ സർക്കാർ ലഭ്യമാക്കിയ നടപടി റിപ്പോർട്ടുകളും റിപ്പോർട്ടിന്മേൽ സമിതി കൈക്കൊണ്ട തീരുമാനങ്ങളും സംബന്ധിച്ച വിശദാംശം | .. | 2 |
| അദ്ധ്യായം III | : സമിതി വിവിധ വകുപ്പുകളുടെ റിപ്പോർട്ട് ആവശ്യപ്പെട്ട ശിപാർശകൾ | .. | 31 |
| അദ്ധ്യായം IV | : നടപടി റിപ്പോർട്ട് ലഭ്യമാക്കാത്ത ശിപാർശകളുടെ വിശദാംശങ്ങൾ | .. | 33 |
| അദ്ധ്യായം V | : സമിതിയുടെ തുടർശിപാർശകൾ | .. | 36 |

## പരിസ്ഥിതി സംബന്ധിച്ച സമിതി

## (2021-2023)

**ഘടന**

അദ്ധ്യക്ഷൻ :

ശ്രീ. ഇ. കെ. വിജയൻ.

അംഗങ്ങൾ:

ശ്രീ. പി. കെ. ബഷീർ

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. ജോബ് മൈക്കിൾ

ശ്രീ. ലിന്റോ ജോസഫ്

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. കെ. ഡി. പ്രസേനൻ

ശ്രീമതി യു. പ്രതിഭ

ശ്രീ. സജീവ് ജോസഫ്.

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. എ. എം. ബഷീർ, സെക്രട്ടറി

ശ്രീമതി ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി

ശ്രീമതി സുദർശന കെ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജോമി കെ. ജോസഫ്, അണ്ടർ സെക്രട്ടറി.

# ആമുഖം

പരിസ്ഥിതി സംബന്ധിച്ച സമിതി (2016-2019)-യുടെ പതിനഞ്ചാമത് റിപ്പോർട്ട് (ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ടുള്ള പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ച് സമിതിയുടെ പ്രത്യേക റിപ്പോർട്ട്) 4-12-2018-ൽ കൂടിയ സമിതിയോഗം അംഗീകരിച്ച് 2018 ഡിസംബർ 12-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടാണിത്.

2023 മാർച്ച് മാസം 14-ാം തീയതി കൂടിയ സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

**ഇ. കെ. വിജയൻ,**

*അദ്ധ്യക്ഷൻ,*

*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,

2023 മാർച്ച് 14.

# റിപ്പോർട്ട്

## അദ്ധ്യായം I

പതിനാലാം കേരള നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി [2016-2019] -യുടെ പതിനഞ്ചാമത് റിപ്പോർട്ട് [ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ടുള്ള പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ച് പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ പ്രത്യേക റിപ്പോർട്ട്] 2018 ഡിസംബർ 12-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. ലക്ഷക്കണക്കിന് തീർത്ഥാടകർ വന്നെത്തുന്ന ഭാരതത്തിലെ തന്നെ പ്രധാനപ്പെട്ട ഒരു തീർത്ഥാടന കേന്ദ്രമായ ശബരിമലയും പരിസരപ്രദേശങ്ങളും പരിസ്ഥിതിക്ക് ഭംഗം വരാത്ത വിധത്തിൽ പരിപാവനമായി സംരക്ഷിക്കേണ്ടത് അനിവാര്യമാണെന്ന് വിലയിരുത്തിയ സമിതി എരുമേലി, പമ്പ, ശബരിമല സന്നിധാനം എന്നിവിടങ്ങൾ സന്ദർശിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ, പരിസ്ഥിതി പ്രവർത്തകർ തുടങ്ങിയവരിൽ നിന്നും വിവരശേഖരണം നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പ്രസ്തുത റിപ്പോർട്ടിൽ 42 ശിപാർശകൾ/നിർദ്ദേശങ്ങളാണ് ഉൾപ്പെടുത്തിയിരുന്നത്.

2. സമിതിയുടെ ശിപാർശകളിന്മേൽ അനന്തര നടപടികൾ സ്വീകരിക്കുന്നതിലേക്കായി റിപ്പോർട്ടിന്റെ പകർപ്പ് സർക്കാരിലേക്ക് അയച്ചു കൊടുക്കുകയുണ്ടായി. പ്രസ്തുത ശിപാർശകളിൽ 17, 23 എന്നീ ശിപാർശകളിന്മേൽ തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പും 18, 26, 29, 30, 40 എന്നീ ശിപാർശകളിന്മേൽ റവന്യൂ (ദേവസ്വം) വകുപ്പും 34-ാം ശിപാർശയിന്മേൽ ഗതാഗത വകുപ്പും 41-ാം ശിപാർശയിന്മേൽ വനം-വന്യജീവി (ഡി), പരിസ്ഥിതി എന്നീ വകുപ്പുകളും നടപടി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത വകുപ്പുകൾ നടപടി റിപ്പോർട്ടുകൾ ലഭ്യമാക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. പ്രസ്തുത റിപ്പോർട്ടിൽ നടപടി റിപ്പോർട്ട് ലഭ്യമായ ശിപാർശകൾ, പ്രസ്തുത ശിപാർശകളിന്മേൽ വിവിധ വകുപ്പുകൾ ലഭ്യമാക്കിയ നടപടി റിപ്പോർട്ടുകൾ, പ്രസ്തുത റിപ്പോർട്ടുകളിന്മേൽ സമിതി കൈക്കൊണ്ട തീരുമാനങ്ങൾ എന്നിവ ഈ റിപ്പോർട്ടിന്റെ രണ്ടാം അദ്ധ്യായത്തിൽ ചേർത്തിരിക്കുന്നു.

3. ശിപാർശ നം. 3-ന്മേൽ റവന്യൂ (ദേവസ്വം), ശിപാർശ നം. 7-ന്മേൽ വനം-വന്യജീവി (സി), ശിപാർശ നം. 36-ന്മേൽ തദ്ദേശസ്വയംഭരണം, ശിപാർശ നം. 39-ന്മേൽ വനം-വന്യജീവി (സി), തദ്ദേശസ്വയംഭരണം, പൊതുമരാമത്ത്, ഗതാഗതം, ജലവിഭവം, ആരോഗ്യ-കുടുംബക്ഷേമം, റവന്യൂ (ദേവസ്വം) എന്നീ വകുപ്പുകളിൽ നിന്ന് കൂടി പുതുതായി റിപ്പോർട്ട് ആവശ്യപ്പെടാൻ സമിതി നിർദ്ദേശിച്ചിരുന്നു. പ്രസ്തുത ശിപാർശകൾ മൂന്നാം അദ്ധ്യായമായും പ്രസ്തുത റിപ്പോർട്ടിലെ നടപടി റിപ്പോർട്ട് ലഭ്യമാകാത്ത ശിപാർശകൾ സംബന്ധിച്ച വിശദാംശങ്ങൾ നാലാം അദ്ധ്യായമായും ചേർത്തിരിക്കുന്നു.

461/2023.

4. നടപടി റിപ്പോർട്ട് ലഭ്യമാകാത്ത ശിപാർശകളും സമിതി പുതുതായി വിവിധ വകുപ്പുകളോട് റിപ്പോർട്ട് ആവശ്യപ്പെട്ട ശിപാർശകളും ഉൾപ്പെടുത്തിയ തുടർ ശിപാർശകൾ അഞ്ചാം അദ്ധ്യായമായി ചേർത്തിരിക്കുന്നു.

## അദ്ധ്യായം - II

**സമിതിയുടെ ശിപാർശകളും അവയിന്മേൽ സർക്കാർ ലഭ്യമാക്കിയ നടപടി റിപ്പോർട്ടുകളും റിപ്പോർട്ടിന്മേൽ സമിതി കൈക്കൊണ്ട തീരുമാനങ്ങളും സംബന്ധിച്ച വിശദാംശം**

### ശിപാർശ നമ്പർ 1

ശബരിമലയിലേക്കുള്ള പ്രധാന പ്രവേശന കവാടങ്ങളിലൊന്നായ എരുമേലിയിൽ തീർത്ഥാടന സീസൺ സമയത്ത് ഗുരുതരമായ പരിസ്ഥിതി മലിനീകരണം നടക്കുന്നുണ്ട്. അത് പരിഹരിക്കുന്നതിനുള്ള മതിയായ സംവിധാനങ്ങൾ അവിടെ നിലവിലില്ല. മാലിന്യ സംസ്കരണത്തിന് ഒരു സ്ഥിരം സംവിധാനമൊരുക്കേണ്ടത് അനിവാര്യമാണെന്നതിനാൽ ഇവിടെ നിലവിലുള്ള മാലിന്യ സംസ്കരണ പ്ലാന്റുകൾ പുതുക്കി നിർമ്മിക്കുന്നതിനും ശരിയായ മാലിന്യ സംസ്കരണത്തിനായി കൂടുതൽ കപ്പാസിറ്റിയുള്ള പുതിയ പ്ലാന്റുകൾ നിർമ്മിക്കുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

### തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 502/ഡി.സി.1/2019/തസ്വഭവ., തീയതി 22-1-2020)

എരുമേലിയിൽ നിലവിൽ 20 സെന്റോളം സ്ഥലത്ത് ജൈവ മാലിന്യ പരിപാലനത്തിനായി 46 ബിന്നുകളുള്ള തുമ്പൂർമുഴി എയ്റോബിക് സംവിധാനവും അജൈവ മാലിന്യ പരിപാലനത്തിന് 400 sq. Ft എം.സി.എഫും 400 sq.ft വലിപ്പമുള്ള പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റും പ്രവർത്തിക്കുന്നു. പുന:ചംക്രമണത്തിനും പുനരുപയോഗത്തിനും സാധ്യമല്ലാത്ത മാലിന്യങ്ങൾ ജൈവ അജൈവ മാലിന്യങ്ങളായി തരംതിരിച്ച് ജൈവ മാലിന്യം മുൻപറഞ്ഞ പ്രകാരം സംസ്കരിക്കുകയും അജൈവ മാലിന്യങ്ങൾ സൂക്ഷിച്ച് വെയ്ക്കുകയും ചെയ്യുന്നു. കക്കൂസ് മാലിന്യ പരിപാലനത്തിനായി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിലവിലില്ല. എന്നാൽ, ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിൽ 1 MLD-യും 0.75 MLD-യും ശേഷിയുള്ള രണ്ട് എസ്.റ്റി.പി.-കൾ എരുമേലിയിൽ പ്രവർത്തിക്കുന്നുണ്ട്. മണ്ഡല മകരവിളക്ക് കാലത്ത് സൃഷ്ടിക്കപ്പെടുന്ന മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഈ സംവിധാനങ്ങൾ മതിയാവില്ല.

അജൈവ മാലിന്യ പരിപാലനത്തിന് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി മിനി എം.സി.എഫ്-കൾ സ്ഥാപിക്കുന്നതിന് ഗ്രാമപഞ്ചായത്ത് ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. പുന:ചക്രമണത്തിനും പുനരുപയോഗത്തിനും സാധ്യമല്ലാത്ത മറ്റു മാലിന്യങ്ങൾ പരിപാലിക്കുന്നതിനുള്ള ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിന് കോസ്റ്റ് ഫോർഡ് എന്ന സ്ഥാപനവുമായി ഗ്രാമപഞ്ചായത്ത് കരാറിലെത്തിയിട്ടുള്ളതുമാണ്. അധികമായി സൃഷ്ടിക്കപ്പെടുന്ന ജൈവമാലിന്യ പരിപാലനത്തിന് ശുചിത്വ മിഷൻ വിഹിതം ഉൾപ്പെടുത്തി കമ്പോസ്റ്റിംഗ് സംവിധാനം നിർമ്മിക്കുന്നതിനും കക്കൂസ് മാലിന്യ പരിപാലനത്തിന് എസ്.റ്റി.പി. നിർമ്മിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് നിർദേശം നൽകിയിട്ടുണ്ടെന്നും അധികമായി മൊബൈൽ എസ്. റ്റി. പി. യൂണിറ്റുകൾ പ്രവർത്തിപ്പിക്കുന്നതിന് ബോർഡിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(30-10-2020-ലെ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## ശിപാർശ നമ്പർ 2

എരുമേലിയിലെ പ്രൈവറ്റ് ബസ് സ്റ്റാന്റിലുള്ള കംഫർട്ട് സ്റ്റേഷൻ പ്രവർത്തിക്കുന്നില്ലെന്നും ലക്ഷക്കണക്കിന് തീർത്ഥാടകർ വന്നു പോകുന്ന എരുമേലിയിൽ ടാക്സിസ്റ്റാന്റ് ഇല്ലായെന്നും തീർത്ഥാടകരിലേറെയും പൊതുസ്ഥലങ്ങളിൽ മലമൂത്ര വിസർജനം നടത്തുന്നതായും സമിതിക്ക് തെളിവെടുപ്പ് യോഗത്തിൽ ബോധ്യപ്പെട്ടു. ആയതിനാൽ എരുമേലിയിൽ ഒരു ടാക്സി സ്റ്റാന്റ് നിർമ്മിക്കുന്നതിനും, ആവശ്യത്തിന് കംഫർട്ട് സ്റ്റേഷനുകൾ ശാസ്ത്രീയ സൗകര്യങ്ങളോടുകൂടി പ്രവർത്തിപ്പിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

## തദ്ദേശസ്വയംഭരണ വകുപ്പ്

(സർക്കാർ കത്ത് നമ്പർ 502/ഡി.സി.1/2019/തസ്വഭവ., തീയതി 22-1-2020)

എരുമേലി പ്രൈവറ്റ് ബസ് സ്റ്റാന്റിന്റെ പൊതു ശൗചാലയത്തിന്റെ സെപ്റ്റിക് ടാങ്ക് സോക് പിറ്റ് സംവിധാനങ്ങൾ സ്ഥിതി ചെയ്യുന്നത് പാറക്കെട്ട് നിറഞ്ഞ പ്രദേശത്തായതിനാൽ മലിനജലം മണ്ണിലേയ്ക്ക് വലിഞ്ഞുപോകുന്നതിന് ബുദ്ധിമുട്ടുണ്ട്. ശബരിമല തീർത്ഥാടന കാലത്ത് അമിത ജലഉപയോഗം മൂലം സെപ്റ്റിക് ടാങ്ക് ഓവർഫ്ളോ ആകുന്നു. പ്രശ്നപരിഹാരമെന്നോണം ഗ്രാമപഞ്ചായത്ത് സെപ്റ്റിക് ടാങ്കിൽ നിന്നും മാലിന്യം നീക്കം ചെയ്യുകയും ശൗചാലയം വീണ്ടും ഉപയോഗക്ഷമമാക്കുകയുമാണ് ചെയ്തുവരുന്നത്. നിലവിൽ ടി ശൗചാലയം പ്രവർത്തനക്ഷമമാണ്. ഇതുകൂടാതെ എരുമേലിയിലും പരിസര പ്രദേശങ്ങളിലുമായി

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ 21 ശൗചാലയങ്ങളും ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിൽ 240 ശൗചാലയങ്ങളും എരുമേലി ജമാഅത്തിന്റെ ഉടമസ്ഥതയിൽ 100 ശൗചാലയങ്ങളും മറ്റ് പ്രൈവറ്റ് ഉടമസ്ഥതയിൽ നാനൂറോളം ശൗചാലയങ്ങളും പ്രവർത്തിക്കുന്നുണ്ട്. ആയതിന്റെ വൃത്തിയും ജലലഭ്യതയും ഉടമസ്ഥർ തന്നെ ഉറപ്പു വരുത്തുന്നു.

(30-10-2020-ലെ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

ശിപാർശ നമ്പർ 3

ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് നഗരങ്ങളിൽ അനുവർത്തിച്ച് വരുന്ന ഒന്നാണ് ബൈപ്പാസുകളുടെ നിർമ്മാണം. സ്ഥലപരിമിതിയും ഗതാഗതക്കുരുക്കും അനുഭവപ്പെടുന്ന എരുമേലിയിൽ തീർത്ഥാടന സീസണിൽ വളരെയധികം തിരക്ക് അനുഭവപ്പെടുന്നതിനാൽ അവിടെ തീർത്ഥാടകർക്കും മറ്റ് സ്ഥലവാസികൾക്കും സുഗമമായി സഞ്ചരിക്കാൻ ഉതകുന്ന തരത്തിൽ ആധുനിക സാങ്കേതികവിദ്യ പരമാവധി പ്രയോജനപ്പെടുത്തി തീർത്ഥാടന സീസൺ സമയങ്ങളിൽ മാത്രം ആവർത്തിച്ചുപയോഗിക്കുന്നതരത്തിലുള്ള താൽക്കാലിക നടപ്പാലങ്ങളുടെയും ചെറിയ വാഹനങ്ങൾ കടന്നുപോകാനുതകുന്ന തരത്തിലുള്ള താൽക്കാലിക ഫ്ലൈഓവറുകളുടെയും നിർമ്മാണസാധ്യതാപഠനം നടത്തി അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും ഇവയുടെ നിർമ്മാണ സാമഗ്രികൾ പരിസ്ഥിതി സൗഹൃദപരമായിരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

പൊതുമരാമത്ത് (ഡി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ PWD-D1/536/2021-PWD, തീയതി 29-11-2022)

കേന്ദ്ര സർക്കാർ പൊതുമേഖലാ സ്ഥാപനമായ Garden Reach Ship Builders and Engineers GTP എന്ന പൊതുമേഖലാ സ്ഥാപനമാണ് താൽക്കാലിക പാലങ്ങൾ (Balley Bridge) നിർമ്മിച്ച് നൽകുന്നതെന്നും, കൂടാതെ ടി പാലങ്ങൾ നിർമ്മിക്കാനും, ഇളക്കിമാറ്റാനും പ്രത്യേക പരിശീലനം ലഭിച്ച ആളുകൾക്ക് മാത്രമേ സാധിക്കുകയുള്ളൂ എന്നും, ഇത്തരം പാലങ്ങളുടെ ഫൗണ്ടേഷൻ ഇളക്കി മാറ്റാൻ പറ്റുന്നവയല്ലായെന്നും ജോയിന്റ് ഡയറക്ടർ കെ.എച്ച്.ആർ.ഐ. (KHRI) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ പ്രസ്തുത ആവശ്യവുമായി ബന്ധപ്പെട്ട് 6-8-2022-ന് കെ.എച്ച്.ആർ.ഐ.-ൽ കൂടിയ ഓൺലൈൻ യോഗത്തിൽ താൽക്കാലിക പാലങ്ങൾ എവിടെയാണ് നിർമ്മിക്കേണ്ടതെന്ന വിവരങ്ങൾ ശബരിമല മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന ഏജൻസിക്കു മാത്രമേ നൽകാൻ സാധിക്കൂ എന്ന് ദേവസ്വം വകുപ്പ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ടെന്ന വിവരവും റിപ്പോർട്ട് ചെയ്യുന്നു.

[18-1-2023-ലെ സമിതി യോഗം അംഗീകരിക്കുകയും റവന്യൂ (ദേവസ്വം) വകുപ്പിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു.]

ശിപാർശ നമ്പർ 4

വലിയമ്പലത്തിനു സമീപമുള്ള കുളിക്കടവിൽ ജലദൗർലഭ്യം അനുഭവപ്പെടുന്നതിനാൽ കൊരട്ടിയിൽ സ്ഥാപിച്ചിട്ടുള്ള തടയണയിൽ നിന്നും അധിക ജലം വലിയമ്പലത്തിന് സമീപം എത്തിക്കുന്നതിനായി സത്വര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

റവന്യൂ (ദേവസ്വം) വകുപ്പ്

(സർക്കാർ കത്ത് നമ്പർ റവ.-ദേവ.2/134/2020-റവ., തീയതി 18-1-2022)

എരുമേലിയിൽ എത്തുന്ന അയ്യപ്പ ഭക്തൻമാർക്ക് ശുദ്ധ ജലത്തിൽ കുളിക്കുന്നതിനായി രണ്ട് ചെക്ക് ഡാമുകൾ സ്ഥാപിച്ച് 5 എച്ച്.പി. ശേഷിയുള്ള രണ്ട് മോട്ടോർ പമ്പുകളും 20 എച്ച്.പി. ശേഷിയുള്ള ഒരു മോട്ടോർ പമ്പും ഉപയോഗിച്ച് സീസൺ കാലയളവിൽ കൊരട്ടിയിൽ സ്ഥാപിച്ചിട്ടുള്ള തടയണയിൽ നിന്നും വെള്ളം പമ്പ് ചെയ്ത് വലിയ അമ്പലത്തിന് സമീപം എത്തിച്ച് വരുന്നുണ്ട്.

(23-3-2022-ലെ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

ശിപാർശ നമ്പർ 5

ശബരിമല മാസ്റ്റർ പ്ലാൻ പ്രകാരം നിലയ്ക്കൽ പ്രദേശത്ത് വനം വകുപ്പ് കൈമാറിയ 110 ഹെക്ടർ സ്ഥലത്ത് മാലിന്യസംസ്കരണം നടത്തുന്നതായി സമിതി മനസ്സിലാക്കുന്നു. പ്രസ്തുത മേഖലയിൽ ആനയിറങ്ങാത്ത രീതിയിൽ ട്രഞ്ച് ഉണ്ടാക്കി മാലിന്യം സംസ്കരിക്കുന്നതിന് സംവിധാനം ഒരുക്കുകയും ട്രഞ്ചിലേക്ക് മാലിന്യവുമായി വരുന്ന വണ്ടി കയറുമ്പോൾ മാത്രം തുറക്കുകയും അല്ലാത്ത സമയത്ത് അടച്ചിടാനും സാധിക്കുന്ന തരത്തിലുള്ള ഇരുമ്പ് പാലവും അതിന് ചുറ്റും സൗരോർജ്ജ വേലിയും നിർമ്മിക്കണമെന്നുള്ള വനം വകുപ്പിന്റെ നിർദ്ദേശം നടപ്പിലാക്കാൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 502/ഡി.സി.1/2019/തസ്വഭവ., തീയതി 22-1-2020)

നിലയ്ക്കലിൽ പത്തനതിട്ട ജില്ലാ ശുചിത്വ മിഷന്റെ നേതൃത്വത്തിൽ സീസൺ ഉടനീളം 24 മണിക്കൂറും പ്രവർത്തിക്കുന്ന തുണിസഞ്ചി വിതരണ കൗണ്ടർ ആരംഭിച്ചിട്ടുള്ളതാണ്.

ഇതുവഴി തീർത്ഥാടകരിൽ നിന്നും പ്ലാസ്റ്റിക് കവറുകൾ ശേഖരിച്ച് പകരം തുണി സഞ്ചി വിതരണം ചെയ്യുന്നു. കൂടാതെ തന്നെ നിലയ്ക്കലിൽ വിവിധ ഭാഗങ്ങളിലായി ശുചിത്വമിഷന്റെ നേതൃത്വത്തിൽ നാല് മിനി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററുകൾ സജ്ജീകരിച്ചിട്ടുള്ളതാണ്. നിലയ്ക്കലിൽ പ്രവർത്തിക്കുന്ന ഹോട്ടലുകളിൽ ശുചിത്വ മിഷൻ നിർദ്ദേശാനുസരണം ഹരിതസഹായ സ്ഥാപനമായ ക്രിസ് ഗ്ലോബൽ ട്രേഡേഴ്സ് ഏജൻസി മുഖേന ജൈവ-അജൈവ മാലിന്യങ്ങൾ തരംതിരിച്ച് നിക്ഷേപിക്കുന്നതിന് ബിന്നുകൾ നൽകിയിട്ടുള്ളതാണ്. ക്രിസ് ഗ്ലോബൽ ട്രേഡേഴ്സ് ഏജൻസി മുഖേന നിലയ്ക്കലിൽ സൃഷ്ടിക്കപ്പെടുന്ന ജൈവ-അജൈവ മാലിന്യങ്ങൾ നിലയ്ക്കലിൽ ട്രഞ്ചിംഗ് ഏരിയയ്ക്കു സമീപം സജ്ജീകരിച്ചിട്ടുള്ള യാർഡിൽ വച്ച് തരംതിരിച്ച് ജൈവമാലിന്യങ്ങൾ ട്രഞ്ചിൽ സംസ്കരിക്കുകയും അജൈവമാലിന്യങ്ങൾ ടി ഏജൻസി നീക്കം ചെയ്തു കൊണ്ടിരിക്കുന്നതുമാണ്. ട്രഞ്ചിനു സമീപം ഇരുമ്പുപാലവും, സൗരോർജ്ജവേലിയും സജ്ജീകരിക്കേണ്ടത് ദേവസ്വം ബോർഡിന്റെ ചുമതലാ വിഷയമാണ്.

(30-10-2020-ലെ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## ശിപാർശ നമ്പർ 6

പമ്പാ നദിയുടെ അതിർത്തി അളന്നു തിട്ടപ്പെടുത്തി എല്ലാ വകുപ്പുകളും യോജിച്ച് നദീസംരക്ഷണത്തിനായി ഒരു പ്രകൃതിസൗഹൃദ മാസ്റ്റർ പ്ലാൻ തയ്യാറാക്കണമെന്നും പമ്പാ നദീതീരം സംരക്ഷിക്കുന്നതിന് ജലസേചന വകുപ്പ് ലക്ഷ്യമിട്ട 3.25 കോടിയുടെ പദ്ധതിയ്ക്ക് പകരം കൈത, മുള തുടങ്ങിയ സസ്യങ്ങൾ വച്ച് പിടിപ്പിച്ച് നദീതീരം സംരക്ഷിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

## വനം-വന്യജീവി (സി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 37/സി3/2019/വനം, തീയതി 1-2-2020)

പമ്പാ നദിയുടെ ഇരുതീരങ്ങളിലും മുള തൈകൾ വച്ചു പിടിപ്പിച്ച് നദീ തീരം സംരക്ഷിക്കുന്നതിന് അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, സോഷ്യൽ ഫോറസ്ട്രി, പത്തനംതിട്ടയെ ചുമതലപ്പെടുത്തിയിരുന്നു.

പത്തനംതിട്ട സോഷ്യൽ ഫോറസ്ട്രി പമ്പാനദിയുടെയും അതിന്റെ പോഷക നദികളായ കക്കാട്ടാർ, കല്ലാർ, വരട്ടാർ എന്നീ നദികളുടെ തീരങ്ങളിൽ 25000 മുള തൈകൾ വച്ചു പിടിപ്പിച്ച് തീരം സംരക്ഷിക്കുന്നതിന് ജില്ലാ ഭരണകൂടവുമായി ചേർന്ന് ഒരു ബൃഹത്ത് പദ്ധതി തയ്യാറാക്കുകയും പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം സെപ്റ്റംബർ ആറാം തീയതി ബഹു. വനം വകുപ്പ് മന്ത്രി നിർവഹിക്കുകയും ബഹു. ആറന്മുള എം.എൽ.എ. യോഗത്തിന്

അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു. പത്തനംതിട്ട ജില്ലയിലെ വനേതര പ്രദേശങ്ങളിൽ പതിനെട്ട് പഞ്ചായത്തുകളിൽ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയും, വന പ്രദേശങ്ങളിൽ വനം വകുപ്പിന്റെ വന സംരക്ഷണ സമിതികളുടെയും ഇക്കോ ഡവലപ്പ്മെന്റ് കമ്മിറ്റികളുടെയും ആഭിമുഖ്യത്തിലും, ജനപ്രതിനിധികൾ, രാഷ്ട്രീയ നേതാക്കൾ, സർക്കാർ ജീവനക്കാർ, കോളേജ് വിദ്യാർത്ഥികൾ, എൻ.എസ്.എസ്., കുടുംബശ്രീ തുടങ്ങിയവർ സംയുക്തമായി തൈകൾ നട്ടുപിടിപ്പിച്ചു. പദ്ധതിക്കാവശ്യമായ മുള തൈകൾ കാസർഗോഡ് ജില്ലയിലെ കാസർഗോഡ് റെയിഞ്ചിലെ പാണ്ടി വന സംരക്ഷണ സമിതിയുടെ നഴ്സറിയിൽ നിന്നും ലഭ്യമാക്കി തൈ നടീൽ നടക്കുന്ന സ്ഥലങ്ങളിൽ നേരിട്ട് പത്തനംതിട്ട സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ വഴി വിതരണം ചെയ്യുകയുണ്ടായി. പമ്പാ നദിയുടെയും പോഷക നദികളുടെയും കരയിൽ 3 മീറ്റർ അകലത്തിൽ പല സ്ഥലങ്ങളിലായി 72.8 കി.മീറ്റർ ദൂരത്തിലാണ് തൈകൾ നട്ടുപിടിപ്പിച്ചിരിക്കുന്നത്.

വനേതര പ്രദേശങ്ങളിൽ നട്ടുപിടിപ്പിച്ച മുള തൈകളുടെ പരിപാലനവും ട്രീഗാർഡ് നൽകുന്നതും തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്തുകൾ വഴിയും വനപ്രദേശങ്ങളിൽ നട്ടുപിടിപ്പിച്ചത് ഇ.ഡി.സി./വി.എസ്.എസ്. വഴിയും നടപ്പിലാക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(30-10-2020-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## ശിപാർശ നമ്പർ 7

ഹരിദ്വാറിൽ ഗംഗാ ആരതിക്കായി ഗംഗാനദിയിൽ കൈവഴി സൃഷ്ടിച്ചിട്ടുള്ളതുപോലെ ശബരിമല തീർത്ഥാടകരുടെ എല്ലാവിധ അനുഷ്ഠാനങ്ങളും നിറവേറ്റുന്നതിനു വേണ്ടി പമ്പാനദിയിൽ ഒരു കൈവഴി സൃഷ്ടിക്കുന്നതിനും കൈവഴിയിലുണ്ടാകുന്ന മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്ത് പമ്പയുമായി വീണ്ടും യോജിപ്പിക്കുന്നതിനും സഹായകരമാകുന്ന തരത്തിൽ അടിയന്തരമായി പഠനം നടത്തുകയും പ്രസ്തുത പഠനത്തിന്റെ അടിസ്ഥാനത്തിൽ ഒരു പദ്ധതി തയ്യാറാക്കി നടപ്പിലാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

## ജലവിഭവ (ഐ.ആർ.) വകുപ്പ്

(സർക്കാർ കത്ത് നമ്പർ ഐ.ആർ.3/74/2018/ജവിവ., തീയതി 16-8-2022)

പമ്പാ നദിയുടെ മാലിന്യ നിർമ്മാർജ്ജനത്തിനായുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണ് പമ്പാ ആക്ഷൻ പ്ലാൻ. ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ നാഷണൽ റിവർ കൺസർവേഷൻ ഡയറക്ടറേറ്റ് പമ്പാ ആക്ഷൻ പ്ലാൻ ഒന്നാം ഘട്ടത്തിന് 2003-ൽ 18.45 കോടി രൂപയുടെ

അംഗീകാരം നൽകി. ടി പദ്ധതിയുടെ സാമ്പത്തിക അനുപാതം 70% കേന്ദ്ര വിഹിതവും 30% സംസ്ഥാന വിഹിതവും ആയിരുന്നു. പമ്പാ ആക്ഷൻ പ്ലാൻ ഒന്നാം ഘട്ടത്തിന്റെ നോഡൽ ഏജൻസി കേരള വാട്ടർ അതോറിറ്റി ആയിരുന്നു. ടി പദ്ധതിയുടെ പ്രവൃത്തികളുടെ നിർവ്വഹണം ജലസേചന വകുപ്പ്, കേരള വാട്ടർ അതോറിറ്റി, തിരുവിതാംകൂർ ദേവസ്വം ബോർഡ് എന്നിവരെയാണ് ഏൽപ്പിച്ചത്. ഇതിൽ ജലസേചന വകുപ്പിന്റെയും കേരള വാട്ടർ അതോറിറ്റിയുടെയും പ്രവൃത്തികൾ പൂർത്തിയായി.

പമ്പാ ആക്ഷൻ പ്ലാനിന്റെ രണ്ടാം ഘട്ടത്തിൽ പ്രവർത്തനങ്ങൾക്കായി 25 ലക്ഷം രൂപ സാമ്പത്തികാനുമതി നൽകിയതിനെ തുടർന്ന് പമ്പാ നദി ഒഴുകുന്ന പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും വാട്ടർഷെഡ് അടിസ്ഥാനത്തിൽ ഹരിത കേരളം പദ്ധതിയിൽ തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ടുകൾ, മലിനീകരണ നിയന്ത്രണ ബോർഡിന്റെ കഴിഞ്ഞ രണ്ട് വർഷത്തെ പമ്പയിലെ ജലം ടെസ്റ്റ് ചെയ്ത വിവരങ്ങൾ, ശുചിത്വമിഷൻ റിപ്പോർട്ടുകൾ, ജനസംഖ്യ വിവരങ്ങൾ, ഗ്രൗണ്ട് വാട്ടർ വിവരങ്ങൾ, ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് തയ്യാറാക്കിയ പഴയ റിപ്പോർട്ടുകൾ തുടങ്ങിയ ബേസ് ലൈൻ ഡേറ്റ കളക്ട് ചെയ്ത് റ്റി. കെ. എം. കോളേജ് അധികൃതരുടെ നേതൃത്വത്തിൽ പമ്പാ ആക്ഷൻ പ്ലാനിന്റെ പുതിയ ഡി.പി.ആർ. തയ്യാറാക്കി വരുന്നു. കൂടാതെ പഞ്ചായത്ത് തോറുമുള്ള പുഴ നടത്തവും മീറ്റിംഗും ആരംഭിച്ചിട്ടുണ്ട്.

സമിതി ശിപാർശ പ്രകാരമുള്ള പ്രവൃത്തി നിർവ്വഹിക്കേണ്ട സ്ഥലം പ്രഖ്യാപിത ദേശീയ പെരിയാർ കടുവാ സങ്കേതം ഉൾപ്പെട്ട വനപ്രദേശമായതിനാൽ പമ്പാ നദിയുടെ ഗതിമാറ്റി മറ്റൊരു കൈവഴി കൂടി സൃഷ്ടിക്കുന്നതിന് കേന്ദ്ര വനം, പരിസ്ഥിതി മന്ത്രാലയത്തിന്റെയും അനുബന്ധ ഏജൻസികളുടെയും അനുവാദം/ക്ലിയറൻസ് ആവശ്യമാണ്. കൂടാതെ, പമ്പ-അച്ചൻകോവിൽ - വൈപ്പാർ ലിങ്ക് പദ്ധതിയുമായി ബന്ധപ്പെട്ട നദിയായതിനാൽ കേന്ദ്ര ജലകമ്മീഷന്റെ അഭിപ്രായവും (ഈ ലിങ്ക് പദ്ധതി സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടില്ല/എതിർപ്പ് കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്) സംസ്ഥാന വനം-വന്യജീവി വകുപ്പിന്റെ അഭിപ്രായവും ലഭ്യമാക്കേണ്ടതുണ്ട്.

പ്രസ്തുത വിഷയം പരിശോധിച്ച് സമിതിക്ക് നേരിട്ട് റിപ്പോർട്ട് സമർപ്പിക്കുവാൻ വനം-വന്യജീവി വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(6-10-2022-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും വനം-വന്യ ജീവി വകുപ്പിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു.)

ശിപാർശ നമ്പർ 8

പമ്പാ, ആക്ഷൻ പ്ലാനുമായി ബന്ധപ്പെട്ട് 2007-ൽ പൂർത്തിയാക്കിയ 6 ചെക്ക് ഡാമുകൾ പമ്പാ നദി കടന്നുപോകുന്ന 4 ജില്ലകളെ ഉൾപ്പെടുത്തി നിർമ്മിച്ചിരുന്നുവെങ്കിലും പമ്പാ നദിയിലെ ഖര-ദ്രവ മാലിന്യങ്ങളുടെ സംസ്കരണ സംവിധാനങ്ങൾ പ്രായോഗികമായി നടപ്പിലാക്കിയിട്ടില്ല. ഇത് നടപ്പിലാക്കണമെന്നുള്ള കേരള വാട്ടർ അതോറിറ്റിയുടെ നിർദ്ദേശത്തിന്മേൽ അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 502/ഡി.സി.1/2019/തസ്വഭവ., തീയതി 22-1-2020)

പമ്പയിൽ തീർത്ഥാടകർ തുണി ഉപേക്ഷിക്കുന്നതു മൂലമുണ്ടാകുന്ന മാലിന്യ പ്രശ്നം പരിഹരിക്കുന്നതിനായി ശുചിത്വമിഷന്റെ നേതൃത്വത്തിൽ 24 ഗ്രീൻ ഗാർഡുകളെ സീസൺ ഉടനീളം 24 മണിക്കൂറും പ്രവർത്തിക്കുന്നതിന് പരിശീലനം നൽകി നിയമിച്ചിട്ടുള്ളതാണ്. ഗ്രീൻ ഗാർഡുകളുടെ സാന്നിദ്ധ്യം മൂലം ഒരു പരിധിവരെ പമ്പയിൽ തുണി നിക്ഷേപിക്കുന്നത് കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്, പമ്പയിൽ ഇൻസിനറേറ്ററിനോട് ചേർന്നുള്ള യാർഡിൽ ജൈവ-അജൈവ മാലിന്യങ്ങൾ തരം തിരിച്ച് സംസ്കരിക്കുന്നുണ്ട്. അജൈവമാലിന്യങ്ങൾ ശുചിത്വ മിഷന്റെ നേതൃത്വത്തിൽ ക്രിസ് ഗ്ലോബൽ ട്രേഡേഴ്സ് ഏജൻസി മുഖേന കൃത്യമായ ഇടവേളകളിൽ നീക്കം ചെയ്യുന്നുണ്ട്.

(30-10-2020-ലെ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

ശിപാർശ നമ്പർ 9

തീർത്ഥാടകരുടെ മനസ്സിന്റെ ഭയവും വ്യാകുലതകളും ഉപേക്ഷിക്കുന്നതിന്റെ ഭാഗമായി അവർ, പ്രത്യേകിച്ചും ഇതര സംസ്ഥാനക്കാർ ധരിക്കുന്ന വസ്ത്രം നനച്ച് പമ്പയിലൊഴുക്കുന്നതിനാൽ നദിയുടെ സ്വാഭാവിക ഒഴുക്കിന് തടസ്സമുണ്ടാകുകയും മാലിന്യം കുന്നുകൂടുന്നതിന് ഇടയാക്കുകയും ചെയ്യുന്നു. ഇത് ഒഴിവാക്കുന്നതിനാവശ്യമായ ബോധവൽക്കരണം നടത്തേണ്ടത് അനിവാര്യമാണ്. ഇത്തരം ആചാരങ്ങൾ നദിയുടെ മരണത്തിനും ജനതയുടെ ആരോഗ്യ പ്രശ്നങ്ങൾക്കും കാരണമാകാം എന്നുള്ളത് തീർത്ഥാടകരെ ബോധ്യപ്പെടുത്തണമെന്നും അതിനാവശ്യമായ പ്രചാരണം നടത്തണമെന്നും, ഭക്തർ കൊണ്ടുവരുന്ന വസ്തുങ്ങൾ കരയിലോ നദിയിലോ നിക്ഷേപിച്ചാൽ അവ സംഭരിച്ച് ഐ.ഐ.ടി. തുടങ്ങിയ സ്ഥാപനങ്ങളുടെ സാങ്കേതിക സഹായത്തോടെ ചവിട്ടുമെത്ത പോലുള്ള മൂല്യ വർദ്ധിത ഉല്പന്നമാക്കി മാറ്റുന്ന കാര്യം ആലോചിക്കണമെന്നും, ഇത് ഒരു ബാധ്യതയായി കണക്കാക്കാതെ നമ്മുടെ ബുദ്ധിയും ഭാവനയും, സാമൂഹ്യ പ്രതിബദ്ധതയുമായി ബന്ധപ്പെടുത്തി നടപ്പിലാക്കണമെന്നും ആയതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

<u>വനം-വന്യജീവി (സി) വകുപ്പ്</u>

(സർക്കാർ കത്ത് നമ്പർ 37/സി3/2019/വനം, തീയതി 1-2-2020)

പമ്പാ നദിയിൽ വസ്ത്രം ഉപേക്ഷിച്ച് ഒഴുക്ക് തടസ്സപ്പെടുത്താതിരിക്കുക, പ്ലാസ്റ്റിക് നിർമ്മാർജ്ജനം, പൂങ്കാവനം മാലിന്യമുക്തമാക്കുക എന്നീ വിഷയങ്ങളിൽ ഭക്തരെ ബോധവത്കരിക്കുന്നതിനായി ഹിന്ദി, ഇംഗ്ലീഷ്, മലയാളം, തമിഴ്, കന്നട, തെലുങ്ക് ഭാഷകളിൽ ലഘുലേഖകൾ തയ്യാറാക്കി വിതരണം ചെയ്യുന്നതിനും, ബോധവത്കരണത്തിന്റെ ഭാഗമായി മേൽ വിഷയങ്ങൾ ഉൾപ്പെടുത്തി ആകാശവാണി മുഖേന സന്ദേശങ്ങൾ മണ്ഡലകാലത്ത് പ്രക്ഷേപണം ചെയ്യുന്നതിനും ഫോറസ്റ്റ് ഇൻഫർമേഷൻ ബ്യൂറോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(30-10-2020-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

<u>ശിപാർശ നമ്പർ 10</u>

ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ശബരിമലയിൽ കുപ്പിവെള്ളം നിരോധിച്ച-തിന്റെ അടിസ്ഥാനത്തിൽ ജല അതോറിറ്റി കാനന പാതയിലും സന്നിധാനത്തും കുടിവെള്ളം നൽകുന്നത് ഇലക്ട്രോ ക്ലോറിനേഷനും പ്രഷർ ഫിൽറ്റർ വഴിയുമാണ്. ആയതിനാൽ വ്യവസ്ഥാപിതമായ ഒരു സമ്പൂർണ്ണ ജല ശുദ്ധീകരണ ശാല പമ്പയ്ക്ക് സമീപം ഹിൽടോപ്പിൽ നിർമ്മിക്കണമെന്നും അതിനായി വേണ്ടി വരുന്ന വനഭൂമി അവിടുത്തെ ആവാസ വ്യവസ്ഥയ്ക്ക് കോട്ടം സംഭവിക്കാത്ത രീതിയിൽ ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

<u>റവന്യൂ (ദേവസ്വം) വകുപ്പ്</u>

(സർക്കാർ കത്ത് നമ്പർ റവ.-ദേവ.2/134/2020-റവ., തീയതി 18-1-2022)

സമ്പൂർണ്ണ ജല ശുദ്ധീകരണശാല പമ്പയ്ക്ക് സമീപം ഹിൽടോപ്പിൽ നിർമ്മിക്കുന്നതിനായി ജലസേചന വകുപ്പ് നടപടി സ്വീകരിച്ച് വരുന്നുണ്ടെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(23-3-2022-ലെ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

<u>ശിപാർശ നമ്പർ 11</u>

നിലയ്ക്കലിനപ്പുറത്തേയ്ക്ക് സ്വകാര്യ വാഹന യാത്ര നിയന്ത്രിക്കുന്നതിനും അവിടെ നിന്ന് ലഭ്യമാകുന്ന പൊതുഗതാഗത സംവിധാനമുപയോഗിച്ച് യാത്ര ചെയ്യണമെന്നുമുള്ള നിർദ്ദേശം നൽകണമെന്നും നിലയ്ക്കലിനു ശേഷമുള്ള യാത്രാ സൗകര്യങ്ങൾ സംബന്ധിച്ച് നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം, പ്രത്യേകിച്ച് വാഹനങ്ങൾക്ക് പാസ് നൽകുന്നത് തുടരണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

<u>ആഭ്യന്തര (ജി) വകുപ്പ്</u>

(സർക്കാർ കത്ത് നമ്പർ ജി2/107/2020/ആഭ്യന്തരം, തീയതി 4-11-2020)

നിലവിൽ നിലയ്ക്കലിനപ്പുറത്തേക്ക് പമ്പയിലേക്കുള്ള സ്വകാര്യ വാഹനങ്ങളുടെ യാത്ര നിയന്ത്രിച്ചിട്ടുള്ളതും പൊതുഗതാഗതം ഉപയോഗിച്ചുവരുന്നതുമാണ്. കൂടാതെ വാഹനങ്ങൾക്ക് പാസ്സ് നൽകുന്ന രീതി തുടരുന്നതുമാണ്.

(11-2-2021-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു)

<u>ശിപാർശ നമ്പർ 12</u>

പമ്പയിലെ ഗതാഗതക്കുരുക്കിന് വലിയ അളവിൽ കാരണമാകുന്നത് കൂടുതൽ തീർത്ഥാടകർ ബൈക്കുകളിൽ എത്തുന്നു എന്നുള്ളതാണ്. അവിടെ കാട്ടുമൃഗങ്ങൾക്കും ആവാസവ്യവസ്ഥയിലെ സൂക്ഷ്മ ജീവികൾക്കും ബൈക്കിന്റെ ശബ്ദം കൊണ്ടുണ്ടാകുന്ന പ്രത്യാഘാതം വളരെ വലുതാണെന്നും ഇത് കാനന പാതയിലെ മറ്റ് ജീവികൾക്കും ഗുരുതരമായ ഭീഷണി സൃഷ്ടിക്കുന്നതായും സമിതി വിലയിരുത്തുന്നു. ആയതിനാൽ നിലയ്ക്കലിനപ്പുറത്തേയ്ക്ക് ബൈക്ക് യാത്ര അനുവദിക്കരുതെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

<u>ആഭ്യന്തര (ജി) വകുപ്പ്</u>

(സർക്കാർ കത്ത് നമ്പർ ജി2/107/2020/ആഭ്യന്തരം, തീയതി 4-11-2020)

പമ്പയിലേക്കുള്ള ബൈക്ക് യാത്രയ്ക്ക് നിയന്ത്രണമേർപ്പെടുത്തുന്നതിനായി ഗതാഗത വകുപ്പുമായി ചേർന്ന് അന്യസംസ്ഥാന ഭക്തന്മാർ ഉൾപ്പെടെയുള്ളവർക്ക് മുന്നറിയിപ്പുകളും ബോധവത്കരണവും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(11-2-2021-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു)

ശിപാർശ നമ്പർ 13

പമ്പാ നദിയിൽ സോപ്പ്, എണ്ണ, ഷാമ്പൂ എന്നിവ ഉപയോഗിച്ച് തീർത്ഥാടകർ സ്നാനം ചെയ്യുന്നതുമൂലം നദീജലം എളുപ്പത്തിൽ മലിനമാകുന്നു. ഇത് കർശനമായി നിരോധിക്കുവാനും നിലയ്ക്കലും പമ്പയിലും ഇത് പരിശോധിക്കുവാൻ സംവിധാനം ഉണ്ടാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. തിരുവിതാംകൂർ ദേവസ്വം ബോർഡ് ലേലം നൽകിയിട്ടുള്ള കടകളിൽ അത്തരം സാധനങ്ങൾ വിൽക്കുന്നത് ഒഴിവാക്കുവാനുമുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

ആഭ്യന്തര (ജി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ ജി2/107/2020/ആഭ്യന്തരം, തീയതി 4-11-2020)

പമ്പാ നദിയിൽ സോപ്പ്, എണ്ണ, ഷാമ്പൂ എന്നിവ കൊണ്ട് മാലിന്യമാക്കുന്നവർക്കെതിരെ നിലവിൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും കൂടാതെ ഇവ വിൽക്കുന്നവർക്കെതിരെയും കേസ് രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ അയ്യപ്പ ഭക്തർക്ക് ഇത് സംബന്ധിച്ച് അറിവ് നൽകുന്നതിനായി കൃത്യമായ ഇടവേളകളിൽ പമ്പയിൽ അനൗൺസ്മെന്റ് സംവിധാനവും കഴിഞ്ഞ സീസണിൽ ഏർപ്പെടുത്തിയിരുന്നു. ആയത് ഈ വർഷവും തുടരുന്നതാണ് .

(11-2-2021-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു)

ശിപാർശ നമ്പർ 14

എരുമേലിയും, പമ്പയും, സന്നിധാനവും മറ്റ് പരിസര പ്രദേശങ്ങളും പ്ലാസ്റ്റിക് വിമുക്ത മേഖലയായി പ്രഖ്യാപിക്കേണ്ടതാണെന്നും പ്ലാസ്റ്റിക് നിർമ്മാർജ്ജനത്തിന് സത്വര നടപടികൾ സ്വീകരിക്കണമെന്നും സന്നദ്ധ സംഘടനകൾ, കോളേജ് വിദ്യാർത്ഥികൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവയുടെ സഹായത്തോടുകൂടി തീർത്ഥാടകർക്കായി ബോധവത്കരണ ക്ലാസുകൾ നടത്തണമെന്നും പ്ലാസ്റ്റിക് സഞ്ചികൾക്ക് പകരം തുണി സഞ്ചികളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

തദ്ദേശസ്വയംഭരണ (ഐ.എ.) വകുപ്പ്

(സർക്കാർ കത്ത് നം. ഐ.എ.1/237/2019/തസ്വഭവ., തീയതി 16-1-2020)

കുടുംബശ്രീ പത്തനംതിട്ട ജില്ലാ മിഷന്റെ നേതൃത്വത്തിൽ വിവിധ സർക്കാർ-സർക്കാരിതര വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും സഹകരണത്തോടെ, പത്തനംതിട്ട

ജില്ലാ ഭരണകൂടം 'പ്ലാസ്റ്റിക് രഹിത ശബരിമല ക്യാമ്പെയിൽ' ആവിഷ്കരിച്ചിട്ടുണ്ട്. ശബരിമലയും പരിസര പ്രദേശങ്ങളും പ്ലാസ്റ്റിക് വിമുക്തമാക്കുക എന്നതാണ് ഈ ക്യാമ്പെയിന്റെ ലക്ഷ്യം. ഇതിന്റെ ഭാഗമായി പത്തനംതിട്ട ജില്ലാ ഭരണകൂടവുമായി ചേർന്ന് കുടുംബശ്രീ വിപുലമായ ക്യാമ്പെയിൻ പ്രവർത്തനങ്ങളും പ്ലാസ്റ്റിക് ശേഖരണവും, തുണിസഞ്ചി വിതരണവും നടപ്പിലാക്കിയിട്ടുണ്ട്. ജില്ലാ ഭരണകൂടം, ജില്ലാ ദുരന്ത നിവാരണ വിഭാഗം, വനം വകുപ്പ്, ആരോഗ്യ വകുപ്പ്, കെ.എസ്.ആർ.ടി.സി., കൊക്കക്കോള കമ്പനി, ശുചിത്വമിഷൻ എന്നിവയുമായി ചേർന്ന് 2014 നവംബർ 21 മുതൽ തുടർച്ചയായി പ്രസ്തുത പ്രവർത്തനങ്ങൾ നടത്തിവരുന്നു. ബോധവത്കരണ സന്ദേശം ആറ് ഭാഷകളിലായി തീർത്ഥാടകരെ കേൾപ്പിക്കുകയും പ്ലാസ്റ്റിക് ക്യാരിബാഗുകൾ തീർത്ഥാടകരിൽ നിന്നും ശേഖരിച്ച് പകരം തുണി സഞ്ചി സൗജന്യമായി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. തുടർന്നുള്ള വർഷങ്ങളിലും കുടുംബശ്രീ മിഷൻ ഇത്തരം പ്രവർത്തനങ്ങൾ വിപുലമായി നടപ്പിലാക്കുന്നതാണ്.

(30-10-2020-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

5-2-2022-ലെ ഐ.എ.1/368/2019/തസ്വഭവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട്

ശബരിമലയും പരിസര പ്രദേശങ്ങളും പ്ലാസ്റ്റിക് വിമുക്തമാക്കുക എന്ന ലക്ഷ്യത്തിലേക്കുള്ള ആദ്യ ചുവടുവെയ്പ്പ് 2014 നവംബർ 21-ന് തന്നെ കുടുംബശ്രീ മിഷൻ ആരംഭിച്ചിരുന്നു. 2014-ന് ആരംഭിച്ച ക്യാമ്പയിൻ തുടർച്ചയായ ആറു വർഷവും കുടുംബശ്രീയുടെ നേതൃത്വത്തിൽ വിജയകരമായി സംഘടിപ്പിച്ചിരുന്നു. ക്യാമ്പയിന്റെ ഭാഗമായി ബോധവത്കരണവും പ്ലാസ്റ്റിക് ശേഖരണവും ആണ് പ്രധാനമായും നടപ്പിലാക്കുന്നത്. 20 കുടുംബശ്രീ അയൽക്കൂട്ട വനിതകളെ 10 വീതമുള്ള 2 ഗ്രൂപ്പുകളാക്കി ളാഹ, കണമല വനം വകുപ്പ് ചെക്ക് പോസ്റ്റുകളോട് ചേർന്നുള്ള രണ്ടു കേന്ദ്രങ്ങളിലാണ് ക്യാമ്പയിന്റെ ഭാഗമായി ബോധവത്കരണവും പ്ലാസ്റ്റിക് ശേഖരണവും തുണി സഞ്ചി വിതരണവും നടപ്പിലാക്കി വരുന്നത്.

ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഓഡിയോ ഉപകരണം ഉപയോഗിച്ച് ആറു ഭാഷകളിൽ റെക്കോർഡ് ചെയ്യപ്പെട്ട ബോധവൽക്കരണ സന്ദേശം തീർത്ഥാടകരെ കേൾപ്പിക്കുകയും ബോധവൽക്കരണ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന അയ്യപ്പന്റെ ചിത്രമുള്ള പോക്കറ്റ് കാർഡുകൾ എന്നിവ കുടുംബശ്രീ പ്രവർത്തകരുടെ നേതൃത്വത്തിൽ തീർത്ഥാടകർക്ക് വിതരണം ചെയ്യുകയും ചെയ്തുവരുന്നു.

തീർത്ഥാടകരുടെ കൈവശമുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾ, മറ്റു പ്ലാസ്റ്റിക് വസ്തുക്കൾ എന്നിവ അയൽക്കൂട്ട അംഗങ്ങൾ ശേഖരിക്കുകയും പകരം തുണി കൊണ്ടുള്ള സഞ്ചികൾ നൽകുകയും ചെയ്തു വരുന്നു. ഇത്തരത്തിൽ ശേഖരിക്കുന്ന പ്ലാസ്റ്റിക്കുകൾ ശുചിത്വ മിഷന്റെ

നേതൃത്വത്തിൽ പ്ലാസ്റ്റിക് റീസൈക്ലിങ് ഏജൻസിക്ക് കൈമാറുകയും ചെയ്തുവരുന്നു. തുണി സഞ്ചി നല്കുന്നതിലേക്കുള്ള ചെലവ്, കുടുംബശ്രീ അംഗങ്ങൾക്കുള്ള ഡി.എ എന്നിവ ജില്ലാഭരണകൂടം സ്പോൺസർഷിപ്പിലൂടെയാണ് കണ്ടെത്തുന്നത്.

(23-3-2022-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

പരിസ്ഥിതി (ബി) വകുപ്പ്

(സർക്കാർ കത്ത് നം. പരി-ബി2/49/2022, തീയതി 13-9-2022)

പമ്പയും സന്നിധാനവും നിലവിൽ പ്ലാസ്റ്റിക് നിരോധിത മേഖലയാണ്. നിലവിൽ വിവിധ കോളേജിലെ NSS volunteers മുഖേന പ്ലാസ്റ്റിക്കിന്റെ ദൂഷ്യവശങ്ങൾ, തുണി നദിയിൽ നിക്ഷേപിക്കുന്നതിന്റെ ദോഷങ്ങൾ, മാലിന്യം തരംതിരിയ്ക്കേണ്ടുന്നതിന്റെ ആവശ്യകത എന്നിവ സംബന്ധിച്ച് ബോധവത്ക്കരണം നടത്തുന്നുണ്ട്. ഈ വിദ്യാർത്ഥികൾക്കുള്ള യാത്രാചെലവും താമസവും ഭക്ഷണവും നൽകുന്നുണ്ട്. കോവിഡ് സമയത്ത് ഇത് മുടങ്ങിയിരുന്നു. തുടർന്നുള്ള സീസണുകളിൽ ഇത് പുനരാരംഭിക്കുന്നതായിരിക്കും.

പമ്പ, തീർത്ഥാടനപാതകളായ എരുമേലി, വടശ്ശേരിക്കര, ആറന്മുള, റാന്നി, പെരുനാട് തുടങ്ങിയ സ്ഥലങ്ങളിൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് മുൻ കാലങ്ങളിൽ advertisement വാഹനത്തിലൂടെ വിവിധ ഭാഷകളിൽ ബോധവത്കരണം നടത്തിയിട്ടുണ്ട്. ഇത് പുനരാരംഭിക്കുന്നതും പരിഗണനയിലാണ്.

(12-10-2022-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

ശിപാർശ നമ്പർ 15

ഇരുമുടിക്കെട്ടിൽ നിന്നും പൂർണ്ണമായും പ്ലാസ്റ്റിക് ഒഴിവാക്കി പകരം പേപ്പർ/തുണി ഉപയോഗിക്കുന്നതു സംബന്ധിച്ച് വിവിധ ഭാഷകളിൽ പരസ്യപ്രചരണം നടത്തണമെന്നും ബൃഹത്തായ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കണമെന്നും ഇക്കാര്യത്തിൽ ആവശ്യമാണെങ്കിൽ മറ്റു സംസ്ഥാന ഗവൺമെന്റുകളുടെ സഹായം തേടണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

വനം-വന്യജീവി (സി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 37/സി3/2019/വനം, തീയതി 1-2-2020)

പമ്പാനദിയിൽ വസ്ത്രം ഉപേക്ഷിച്ച് ഒഴുക്ക് തടസ്സപ്പെടുത്താതിരിക്കുക, പ്ലാസ്റ്റിക് നിർമ്മാർജ്ജനം, പൂങ്കാവനം മാലിന്യമുക്തമാക്കുക എന്നീ വിഷയങ്ങളിൽ ഭക്തരെ

ബോധവത്കരിക്കുന്നതിനായി ഹിന്ദി, ഇംഗ്ലീഷ്, മലയാളം, തമിഴ്, കന്നട, തെലുങ്ക് ഭാഷകളിൽ ലഘുലേഖകൾ തയ്യാറാക്കി വിതരണം ചെയ്യുന്നതിനും, ബോധവത്കരണത്തിന്റെ ഭാഗമായി മേൽ വിഷയങ്ങൾ ഉൾപ്പെടുത്തി ആകാശവാണി മുഖേന സന്ദേശങ്ങൾ മണ്ഡലകാലത്ത് പ്രക്ഷേപണം ചെയ്യുന്നതിനും ഫോറസ്റ്റ് ഇൻഫർമേഷൻ ബ്യൂറോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(30-10-2020-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

<u>പരിസ്ഥിതി (ബി) വകുപ്പ്</u>

(സർക്കാർ കത്ത് നം. പരി-ബി2/49/2022, തീയതി 13-9-2022)

പമ്പയും സന്നിധാനവും നിലവിൽ പ്ലാസ്റ്റിക് നിരോധിത മേഖലയാണ്. നിലവിൽ വിവിധ കോളേജിലെ NSS volunteers മുഖേന പ്ലാസ്റ്റിക്കിന്റെ ദൂഷ്യവശങ്ങൾ, തുണി നദിയിൽ നിക്ഷേപിക്കുന്നതിന്റെ ദോഷങ്ങൾ, മാലിന്യം തരംതിരിയ്ക്കേണ്ടുന്നതിന്റെ ആവശ്യകത എന്നിവ സംബന്ധിച്ച് ബോധവത്ക്കരണം നടത്തുന്നുണ്ട്. ഈ വിദ്യാർത്ഥികൾക്കുള്ള യാത്രാചെലവും താമസവും ഭക്ഷണവും നൽകുന്നുണ്ട്. കോവിഡ് സമയത്ത് ഇത് മുടങ്ങിയിരുന്നു. തുടർന്നുള്ള സീസണുകളിൽ ഇത് പുനരാരംഭിക്കുന്നതായിരിക്കും.

പമ്പ, തീർത്ഥാടനപാതകളായ എരുമേലി, വടശ്ശേരിക്കര, ആറന്മുള, റാന്നി, പെരുനാട് തുടങ്ങിയ സ്ഥലങ്ങളിൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് മുൻ കാലങ്ങളിൽ advertisement വാഹനത്തിലൂടെ വിവിധ ഭാഷകളിൽ ബോധവത്കരണം നടത്തിയിട്ടുണ്ട്. ഇത് പുനരാരംഭിക്കുന്നതും പരിഗണനയിലാണ്.

(12-10-2022-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

<u>ശിപാർശ നമ്പർ 16</u>

എരുമേലി, പമ്പ, സന്നിധാനം തുടങ്ങിയ ഭാഗങ്ങളിൽ രൂക്ഷമായ പ്ലാസ്റ്റിക് ശല്യം ഒഴിവാക്കുന്നതിന് ക്ലീൻ പെരുനാട് എന്ന പേരിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ നിർമ്മാണത്തിന്റെ അവസാന ഘട്ടത്തിലാണെന്ന് ബന്ധപ്പെട്ട വകുപ്പ് അറിയിച്ചിട്ടുണ്ട്. ശബരിമല തീർത്ഥാടനം മൂലം ഉണ്ടാകുന്നതും പരിസ്ഥിതിക്കേറെ നാശം ഉണ്ടാക്കുന്നതുമായ പ്ലാസ്റ്റിക് മാലിന്യങ്ങൾ ഒഴിവാക്കുന്നത് ഒരു പരിധിവരെ ഇതുവഴി സാധ്യമാകുമെന്നതിനാൽ ഇവ പ്രാവർത്തികമാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

## തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 502/ഡി.സി.1/2019/തസ്വഭവ., തീയതി 22-1-2020)

ശബരിമല ഉൾപ്പെടുന്ന വനമേഖലയിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് റാന്നി-പെരുനാട് ഗ്രാമ പഞ്ചായത്തിൽ കൂനങ്കര എന്ന സ്ഥലത്ത് റവന്യൂ ഭൂമി കണ്ടെത്തിയിട്ടുള്ളതാണ്. ഈ ഭൂമി ഗ്രാമപഞ്ചായത്തിന് പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ്, ബേയ്‌ലിംഗ് യൂണിറ്റ് ഉൾപ്പെടുന്ന പ്ലാന്റ് നിർമ്മിക്കുന്നതിന് നൽകുവാൻ കളക്ടേറ്റിൽ നിന്നുമുള്ള നടപടി അന്തിമഘട്ടത്തിലാണ്. നിലവിൽ വനമേഖലയിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ ഫോറസ്റ്റ് എക്കോ ഗാർഡുകൾ, റാന്നി-പെരിനാട് ഗ്രാമപഞ്ചായത്ത് ഹരിതകർമ്മസേന മുഖേനയും ശേഖരിച്ച് ശുചിത്വ മിഷന്റെ നേതൃത്വത്തിൽ ക്രിസ് ഗ്ലോബൽ ട്രേഡേഴ്സിന് കൈമാറുന്നു. എരുമേലി ഗ്രാമപഞ്ചായത്തിൽ പ്ലാസ്റ്റിക് മാലിന്യ പരിപാലനത്തിന് കവുങ്ങും കുഴി എന്ന സ്ഥലത്ത് 400 sq.ft. വീതം വലിപ്പമുള്ള ഒരു എം.സി.എഫും ഒരു ഷ്രെഡ്ഡിംഗ് യൂണിറ്റും പ്രവർത്തിക്കുന്നുണ്ട്. പൊതുജനങ്ങൾക്ക് പ്ലാസ്റ്റിക് മാലിന്യം നിക്ഷേപിക്കുന്നതിന് 8 കിയോസ്കുകളും പ്രവർത്തിക്കുന്നു. മണ്ഡലകാലത്തെ മാലിന്യ പരിപാലനത്തിന് ഇവ പര്യാപ്തമല്ലാത്ത സ്ഥിതിയാണുള്ളത്. മണ്ഡലകാലത്തെ പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുന്നതിന് ഗ്രാമപഞ്ചായത്ത് ഹരിതപെരുമാറ്റച്ചട്ടം പ്രവർത്തികമാക്കിയിട്ടുള്ളതും പ്ലാസ്റ്റിക് ക്യാരിബാഗുകൾ, മറ്റ് ഡിസ്പോസിബിൾ വസ്തുക്കളുടെ ഉപയോഗം നിരോധിച്ചിട്ടുള്ളതുമാണ്. ആയത് മോണിറ്റർ ചെയ്യുന്നതിന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അധ്യക്ഷനായും സെക്രട്ടറി കൺവീനറായും ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ, അയ്യപ്പ സേവാസംഘം പ്രതിനിധി, ഹെൽത്ത് ഉദ്യോഗസ്ഥർ, പോലീസ് ഉദ്യോഗസ്ഥർ, വി.ഇ.ഒ., വ്യാപാരി വ്യവസായി പ്രതിനിധി, ഹരിതസഹായസ്ഥാപന പ്രതിനിധി, ഹരിതകർമ്മ സേനാംഗം എന്നിവരും അടങ്ങുന്ന ഹരിത പെരുമാറ്റച്ചട്ട മോണിറ്ററിംഗ് കമ്മിറ്റിയും രൂപീകരിച്ചിട്ടുള്ളതാണ്. ഗ്രാമപഞ്ചായത്തിന്റെ ഹരിതകർമ്മസേനകളും 'വിശുദ്ധിസേന' സന്നദ്ധ പ്രവർത്തകരുടെയും സേവനത്തോടെ ഈ മാലിന്യങ്ങൾ ഗ്രാമപഞ്ചായത്തിന്റെ ഷെഡ്ഡിംഗ് യൂണിറ്റിലെത്തിച്ച് പൊടിച്ച് ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്നതിനാണ് ഇപ്പോൾ ലക്ഷ്യമിട്ടിരിക്കുന്നത്.

(30-10-2020-ലെ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## പരിസ്ഥിതി (ബി) വകുപ്പ്

(സർക്കാർ കത്ത് നം. പരി-ബി2/49/2022, തീയതി 13-9-2022)

പമ്പയും സന്നിധാനവും നിലവിൽ പ്ലാസ്റ്റിക് നിരോധിത മേഖലയാണ്. നിലവിൽ വിവിധ കോളേജിലെ NSS volunteers മുഖേന പ്ലാസ്റ്റിക്കിന്റെ ദൂഷ്യവശങ്ങൾ, തുണി നദിയിൽ നിക്ഷേപിക്കുന്നതിന്റെ ദോഷങ്ങൾ, മാലിന്യം തരംതിരിയ്ക്കേണ്ടുന്നതിന്റെ

ആവശ്യകത എന്നിവ സംബന്ധിച്ച് ബോധവത്ക്കരണം നടത്തുന്നുണ്ട്. ഈ വിദ്യാർത്ഥികൾക്കുള്ള യാത്രാചെലവും താമസവും ഭക്ഷണവും നൽകുന്നുണ്ട്. കോവിഡ് സമയത്ത് ഇത് മുടങ്ങിയിരുന്നു. തുടർന്നുള്ള സീസണുകളിൽ ഇത് പുനരാരംഭിക്കുന്നതായിരിക്കും.

പമ്പ, തീർത്ഥാടനപാതകളായ എരുമേലി, വടശ്ശേരിക്കര, ആറന്മുള, റാന്നി, പെരുനാട്, തുടങ്ങിയ സ്ഥലങ്ങളിൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് മുൻ കാലങ്ങളിൽ advertisement വാഹനത്തിലൂടെ വിവിധ ഭാഷകളിൽ ബോധവത്കരണം നടത്തിയിട്ടുണ്ട്. ഇത് പുനരാരംഭിക്കുന്നതും പരിഗണനയിലാണ്.

(12-10-2022-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

ശിപാർശ നമ്പർ 17

സീസൺ സമയത്തു പ്രവർത്തിക്കുന്ന താത്കാലിക കടകളിലെ മാലിന്യങ്ങൾ സീസൺ കഴിഞ്ഞശേഷം ഉപേക്ഷിച്ചു പോകുന്നതായി സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കടകൾ ലേലം പിടിക്കുന്നവരിൽ നിന്നും ലേലം പിടിക്കുന്ന സമയത്തുതന്നെ മാലിന്യ സംസ്കരണത്തിനാവശ്യമായ ഒരു തുക മുൻകൂർ ആയി സ്വീകരിച്ചതിനു ശേഷം മാത്രം കരാർ ഉറപ്പിക്കണം എന്നും മാലിന്യം സംസ്കരിക്കണമെന്ന് നിഷ്കർഷിക്കുകയും ആയതിന് വിമുഖത കാണിക്കുന്നവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതിനും മാലിന്യ സംസ്കരണം ബന്ധപ്പെട്ട തദ്ദേശ സ്ഥാപനം നിർവ്വഹിക്കുന്നപക്ഷം ആയതിനു ചെലവാക്കുന്ന തുക കരാറുകാരനിൽ നിന്നും അഡ്വാൻസ് ഇനത്തിൽ ഈടാക്കി വകയിരുത്താൻ നടപടി സ്വീകരിക്കണമെന്നും ലേലം പിടിക്കുന്നവർ മാലിന്യങ്ങൾ എങ്ങനെ പ്രോസസ് ചെയ്യുന്നുവെന്നും, പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കുന്നുണ്ടോ എന്നും, ഹൈപവർ കമ്മിറ്റിയും ദേവസ്വം ബോർഡും നിരീക്ഷിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

ആഭ്യന്തര (ജി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ ജി2/107/2020/ആഭ്യന്തരം, തീയതി 4-11-2020)

സീസൺ സമയത്ത് പ്രവർത്തിക്കുന്ന താത്ക്കാലിക കടകളിലെ മാലിന്യങ്ങൾ ഉപേക്ഷിക്കുന്നതായി കണ്ടാൽ ടിയാന്മാർക്കെതിരെ കർശനമായ നിയമ നടപടി സ്വീകരിക്കുന്നതാണ്. ഈ വിഷയത്തിൽ മിന്നൽ പരിശോധനകൾ ഉൾപ്പെടെയുള്ള നടപടികൾ കഴിഞ്ഞ സീസണിൽ സ്വീകരിച്ചിരുന്നു. ഈ വരുന്ന തീർത്ഥാടന വർഷവും പരിശോധനകൾ തുടരുന്നതാണ്.

(11-2-2021-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു)

## ശിപാർശ നമ്പർ 19

പമ്പയിലേയും സന്നിധാനത്തെയും അനാവശ്യ നിർമ്മിതികൾ ഒഴിവാക്കുകയും സന്നിധാനത്തെ വാണിജ്യമേഖലയുടെ വ്യാപ്തി 45 ശതമാനത്തിൽനിന്നും 19 ശതമാനമായും, താമസ/പാർപ്പിട മേഖലയുടെ വ്യാപ്തി 9 ശതമാനത്തിൽനിന്നും 4 ശതമാനമായും കുറയ്ക്കേണ്ടതാണെന്നും അതോടൊപ്പം 'circulation zone', 'temple zone', 'green zone' എന്നിവയുടെ വ്യാപ്തി യഥാക്രമം 9 ശതമാനത്തിൽ നിന്നും 16 ശതമാനമായും, 3 ശതമാനത്തിൽ നിന്നും 8 ശതമാനമായും, 5 ശതമാനത്തിൽ നിന്നും 13 ശതമാനമായും വർദ്ധിപ്പിക്കേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

### തദ്ദേശസ്വയംഭരണ (ആർ.എ.) വകുപ്പ്

(സർക്കാർ കത്ത് നം. ആർ.എ.1/286/2019-തസ്വഭവ., തീയതി 5-10-2020)

പമ്പയിലും സന്നിധാനത്തും നടക്കുന്ന നിർമ്മാണ പ്രവൃത്തികൾ പത്തനംതിട്ട ജില്ലാ ഭരണ കൂടം, തിരുവിതാംകൂർ ദേവസ്വം ബോർഡ്, വനം വകുപ്പ് തുടങ്ങിയ വിഭാഗങ്ങളുടെ നേരിട്ടുള്ള ഇടപെടലുകൾ മുഖേനയാണ് നടന്നു വരുന്നത്. സാധാരണയായി ഇത്തരം നിർമ്മാണ പ്രവർത്തികളിൽ പഞ്ചായത്തിന്റെ അനുമതി തേടാറില്ല. ഈ പ്രദേശങ്ങൾ മതപരമായി അതിതീവ്ര പ്രദേശമായതിനാൽ നിലവിലുള്ള സാഹചര്യത്തിൽ ഇപ്പോൾ തുടർ നടപടികൾ സ്വീകരിക്കുന്നതിനും, ടി പ്രദേശങ്ങളിൽ ഭരണപരവും നയപരവുമായ തീരുമാനമെടുക്കുന്നതിനും വളരെയധികം ബുദ്ധിമുട്ടുകളുണ്ടെന്നുള്ള വിവരം റിപ്പോർട്ട് ചെയ്യുന്നു.

(11-2-2021-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## ശിപാർശ നമ്പർ 20

പമ്പ, സന്നിധാനം എന്നിവിടങ്ങളിൽ പണി കഴിപ്പിച്ചിട്ടുള്ള മിക്ക ശൗചാലയങ്ങളും പ്രവർത്തനരഹിതവും വൃത്തിഹീനവുമാണ്. പൈപ്പുകൾ ഇല്ലാത്തതും, ഉള്ളവയിൽ തന്നെ ജലമില്ലാത്തതും സ്ഥിതി കൂടുതൽ ഗുരുതരമാക്കുന്നു. ഉപഭോക്താക്കളുടെ ഉത്തരവാദിത്തമില്ലായ്മയും ഇതിൽ പ്രധാന പങ്ക് വഹിക്കുന്നു. കൂടുതൽ തീർത്ഥാടകരും പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നത് വനത്തിനുള്ളിലായതിനാൽ ഇത് സൃഷ്ടിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങളും പന്നി ശല്യവും രൂക്ഷമാണ്. ഇത് തീർത്ഥാടകർക്ക് പല തരത്തിലുള്ള അസുഖങ്ങൾ പിടിപെടാൻ കാരണമാകുന്നു. ഈ അവസ്ഥ ഒഴിവാക്കുന്നതിനുള്ള സത്വര നടപടികൾ ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 502/ഡി.സി.1/2019/തസ്വഭവ., തീയതി 22-1-2020)

വിവിധ ഭാഷകളിലുള്ള ശുചിത്വ സന്ദേശങ്ങൾ അടങ്ങിയ ബോർഡുകൾ ശൗചാലയങ്ങൾ ഉൾപ്പെട്ട പ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുള്ളതാണ്. ശൗചാലയങ്ങളിൽ ജലലഭ്യത കേരള വാട്ടർ അതോറിറ്റിയും, ദേവസ്വം ബോർഡും ചേർന്ന് ഉറപ്പാക്കുന്നുണ്ട്.

(30-10-2020-ലെ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

ശിപാർശ നമ്പർ 21

ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട പ്രദേശങ്ങളിൽ പൊതുവായ ഡ്രെയിനേജ് സംവിധാനം നടപ്പാക്കണമെന്ന നിർദ്ദേശം ബന്ധപ്പെട്ടവർ ഇതുവരെ സർക്കാരിന് നൽകിയിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ഒരു ചെറിയ പ്രദേശത്ത് ക്രമത്തിലധികം കക്കൂസ് മാലിന്യങ്ങൾ ഉണ്ടാകുന്നതുമൂലം അവിടത്തെ കിണറുകളും നദീജലവും സ്വാഭാവികമായും മലിനപ്പെടാനുള്ള സാധ്യത കൂടുതലാണ്. സീസണിനു മുൻപും അതിനു ശേഷവും സ്ഥിരമായി നദികളിലെയും തോടുകളിലെയും ജലത്തിന്റെ ഗുണനിലവാര പരിശോധന നടത്തുകയും പൊതു ഡ്രെയിനേജ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്യണമെന്നും തുടർന്നു വരുന്ന തീർത്ഥാടന കാലയളവിൽ ജലപരിശോധനാ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 502/ഡി.സി.1/2019/തസ്വഭവ., തീയതി 22-1-2020)

മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനാനുമതിയോടുകൂടി സന്നിധാനം, പമ്പ എന്നിവിടങ്ങളിൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തിക്കുന്നുണ്ട്. എരുമേലിയിൽ പഞ്ചായത്തിന്റെ അധീനതയിൽ കക്കൂസ് സമുച്ചയമോ കുളിപ്പുരകളോ ഇല്ലാത്തതിനാൽ എരുമേലിയിൽ നിലവിൽ ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ മലിനജലമൊഴുകുന്നതിനുള്ള ഡ്രെയ്നേജ് സംവിധാനമോ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റോ പ്രവർത്തിക്കുന്നില്ല. മണ്ഡല മകരവിളക്ക് കാലത്ത് എരുമേലി തോടും പൊതുഓടകളും മലിനമാകുന്ന സ്ഥിതി വിശേഷമാണുള്ളത്. പൊതുജലാശയങ്ങളിലെ ജലപരിശോധനയ്ക്ക് ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽ ശാസ്ത്രീയമായി സംവിധാനങ്ങളൊന്നും പ്രവർത്തിക്കുന്നില്ല. കക്കൂസ് മാലിന്യ പരിപാലനത്തിനായി ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിൽ 1 MLD-യും 0.75 MLD-യും ശേഷിയുള്ള രണ്ട് എസ്.റ്റി.പി.കൾ എരുമേലിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും 750 ലധികം

ശൗചാലയങ്ങൾ പ്രവർത്തിക്കുന്ന മണ്ഡല മകരവിളക്ക് കാലത്ത് സൃഷ്ടിക്കപ്പെടുന്ന മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഈ സംവിധാനങ്ങൾ മതിയാവില്ല. ഈ സാഹചര്യത്തിൽ കക്കൂസ് മാലിന്യ പരിപാലനത്തിന് സ്ഥിരമായ എസ്.റ്റി.പി. സംവിധാനം നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്ത്, ദേവസ്വം ബോർഡ് എന്നിവ സ്വകാര്യ വ്യക്തികൾക്കും ബന്ധപ്പെട്ട ജമാഅത്തിനും നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. ഈ തീർത്ഥാടന കാലത്ത് അധികമായി വരുന്ന മാലിന്യം കൈകാര്യം ചെയ്യുന്നതിന് മൊബൈൽ എസ്.റ്റി.പി. യൂണിറ്റുകൾ പ്രവർത്തിപ്പിക്കുന്നതിന് ദേവസ്വം ബോർഡിനും ജമാഅത്തിനും ബഹു. ജില്ലാ കളക്ടർക്കും നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. മണ്ഡല മകരവിളക്ക് മഹോത്സവത്തിന് മുൻപും ശേഷവും പൊതുകിണറുകളിലെയും വാട്ടർ അതോറിറ്റിയുടെ അടക്കമുള്ള പൊതുകുടിവെള്ള വിതരണ സംവിധാനങ്ങളുടെയും പരിശോധന ഹെൽത്ത് ഉദ്യോഗസ്ഥർ മുഖേന നടത്തുന്നുണ്ട്.

(30-10-2020-ലെ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## ശിപാർശ നമ്പർ 22

അയ്യപ്പഭക്തർ ഉദാരമായി നൽകുന്ന സംഭാവനയിൽ നിന്നും, കൂടാതെ ശബരിമലയിൽ നിന്നും ലഭിക്കുന്ന വരുമാനത്തിന്റെ ഒരു ഭാഗം ഉപയോഗിച്ചു കൊണ്ടും നിലയ്ക്കലും എരുമേലിയും പമ്പയും സന്നിധാനവും വൃത്തിയായി സൂക്ഷിക്കേണ്ടത് ദേവസ്വം ബോർഡിന്റെ ഉത്തരവാദിത്തമായി കണക്കാക്കണമെന്നും ഇതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് സർക്കാരിന്റേയോ മറ്റ് വകുപ്പുകളുടേയോ ആവശ്യമില്ലെന്നും ഭക്തരുണ്ടെങ്കിൽ മാത്രമേ ദേവസ്വം ബോർഡ് ഉണ്ടാകൂ എന്നതിനാൽ ഭക്തരുടെ എല്ലാതരത്തിലുമുള്ള സുരക്ഷയും ദേവസ്വം ബോർഡ് ഉറപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

## റവന്യൂ (ദേവസ്വം) വകുപ്പ്

(സർക്കാർ കത്ത് നമ്പർ റവ.-ദേവ.2/134/2020-റവ., തീയതി 18-1-2022)

നിലയ്ക്കലും എരുമേലിയും പമ്പയും സന്നിധാനവും തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഉത്തരവാദിത്വത്തിൽ വൃത്തിയായി സൂക്ഷിച്ച് വരുന്നുണ്ടെന്നും കൂടാതെ തീർത്ഥാടകരുടെ എല്ലാ തരത്തിലുള്ള സുരക്ഷയും ദേവസ്വം ബോർഡ് ഉറപ്പാക്കുന്നുണ്ടെന്നും അതിനായി വിവിധ വകുപ്പുകളുമായി ചേർന്ന് നടപടികൾ സ്വീകരിച്ച് വരുന്നുണ്ടെന്നും തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(23-3-2022-ലെ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

ശിപാർശ നമ്പർ 24

സീസൺ സമയത്ത് പ്രവർത്തിക്കുന്ന ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ എന്നിവയ്ക്ക് ശുചിത്വം പാലിക്കുന്നത് സംബന്ധിച്ച് മാർഗ്ഗരേഖ നൽകുകയും ആയത് കൃത്യമായി പാലിക്കുന്നുണ്ടോയെന്ന് മിന്നൽ പരിശോധനയിലൂടെ ഉറപ്പുവരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

ആരോഗ്യകുടുംബക്ഷേമ (ഇ) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 102/ഇ 1/2019/ആ.കു.വ., തീയതി 30-5-2019)

ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് എല്ലാ സീസണിലും ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിരീക്ഷണത്തിൽ ഭക്ഷ്യസുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ച് ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരെ കൃത്യമായി സന്നിധാനത്തും പമ്പയിലും നിലയ്ക്കലും കൂടാതെ ഇടത്താവളങ്ങളിലും ഉൾപ്പെടെ നിയോഗിക്കാറുണ്ട്. ടി സ്ക്വാഡുകൾ ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി മിന്നൽ പരിശോധനകൾ നടത്തിവരുന്നു. കൂടാതെ ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എല്ലാ മലയാള മാസവും ആദ്യം നട തുറക്കുന്നതുമായി ബന്ധപ്പെട്ട് സന്നിധാനത്തും പമ്പയിലും ഓരോ ഭക്ഷ്യസുരക്ഷാ ഓഫീസർമാരെ വീതം നിയമിച്ചു വരുന്നു. മണ്ഡല-മകരവിളക്ക് സീസൺ സമയത്ത് ഭക്ഷ്യസുരക്ഷാ പരിശോധനകൾ ഫലപ്രദമായി നടത്തുന്നതിനും സാമ്പിളുകൾ ശേഖരിച്ച് പരിശോധിച്ച് ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന് മൊബൈൽ ഫുഡ് ടെസ്റ്റ് ലാബിന്റെ സേവനം പ്രയോജനപ്പെടുത്തിവരുന്നു.

ഇത്തരത്തിൽ സീസൺ സമയത്ത് പ്രവർത്തിക്കുന്ന ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ എന്നിവ പാലിക്കേണ്ട ശുചിത്വ മാനദണ്ഡങ്ങൾ സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ നൽകുകയും ആയത് കൃത്യമായി പാലിക്കുന്നുണ്ടോയെന്ന് മിന്നൽ പരിശോധനയിലൂടെ ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്.

(1-8-2019-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു)

ആഭ്യന്തര (ജി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ ജി2/107/2020/ആഭ്യന്തരം, തീയതി 4-11-2020)

നിലവിൽ സീസൺ സമയത്ത് പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റും മെഡിക്കൽ സർട്ടിഫിക്കറ്റും രേഖകളാക്കി പോലീസ്

സ്റ്റേഷനിൽ നിന്നും ഐഡന്റിറ്റികാർഡ് നൽകി മാത്രമാണ് ടി സ്ഥാപനങ്ങളിൽ ജോലി ചെയ്യാൻ അനുവദിക്കുന്നത്. അല്ലാത്തവർക്കെതിരെ കർശനമായ നിയമനടപടി സ്വീകരിച്ചുവന്നിട്ടുള്ളതും ആയത് ഈ വർഷം തുടരുന്നതുമാണ്.

(11-2-2021-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു)

ശിപാർശ നമ്പർ 25

സന്നിധാനത്ത് നടക്കുന്ന വിവിധ തരത്തിലുള്ള പ്രവൃത്തികളുടെ ഫലമായി പുറത്തേക്ക് വരുന്ന ഓയിലിന്റെയും ഗ്രീസിന്റെയും മാലിന്യങ്ങൾ ശുദ്ധീകരിക്കാനുള്ള സംവിധാനം സന്നിധാനത്ത് നിലവിലുള്ള ട്രീറ്റ്മെന്റ് പ്ലാന്റിലില്ലാത്തതിനാൽ അതിനുള്ള സൗകര്യം ഏർപ്പെടുത്ത ണമെന്നും തീർത്ഥാടന സമയത്ത് സന്നിധാനത്ത് നിന്നും വേസ്റ്റ് കൊണ്ടുപോകാൻ വളരെ ബുദ്ധിമുട്ടായതിനാൽ തിരക്ക് കൂടുമ്പോൾ മാലിന്യം കൊണ്ടുപോകാൻ പ്രത്യേകം ഒരു പാത വേണമെന്നും ഭക്ഷണമാലിന്യങ്ങൾ പമ്പയിൽ കുഴിച്ചുമൂടുന്ന രീതി ഒഴിവാക്കി പമ്പയിലും സന്നിധാനത്തും നിലയ്ക്കലുമായി ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിക്കണമെന്ന ഹൈപവർ കമ്മിറ്റിയുടെ നിർദ്ദേശം എത്രയും വേഗം നടപ്പിലാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 502/ഡി.സി.1/2019/തസ്വഭവ., തീയതി 22-1-2020)

ദേവസ്വംബോർഡും മലിനീകരണ നിയന്ത്രണ ബോർഡും ചേർന്നാണ് നടപടികൾ സ്വീകരിക്കേണ്ടത്.

(30-10-2020-ലെ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

ശിപാർശ നമ്പർ 27

തിരുവിതാംകൂർ ദേവസ്വം ബോർഡ് ശബരിമല മണ്ഡല മകരവിളക്ക്, മാസപൂജാ കാലയളവിലേക്ക് കച്ചവടം നടത്തുന്നതിലേക്കായി സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ ലേലം ചെയ്യുന്ന കടകളിൽ പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ വിൽപ്പനയും ഉപയോഗവും പരിപൂർണമായും നിരോധിക്കണമെന്നും ആയത് സംബന്ധിച്ച കർശന പരിശോധനകൾ പൂർത്തിയാക്കിയ ശേഷം മാത്രമേ ലേല നടപടികൾ അന്തിമമാക്കാവൂ എന്നും, പ്ലാസ്റ്റിക് വിരുദ്ധ ബോധവൽക്കരണം കൃത്യമായി നടത്തണമെന്നും പ്ലാസ്റ്റിക്കിന് പകരം തുണിസഞ്ചികൾ ഉപയോഗിക്കുന്നത് നിർബന്ധമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

റവന്യൂ (ദേവസ്വം) വകുപ്പ്

(സർക്കാർ കത്ത് നമ്പർ റവ.-ദേവ.2/134/2020-റവ., തീയതി 18-1-2022)

സന്നിധാനം, പമ്പ എന്നിവിടങ്ങളിൽ പ്ലാസ്റ്റിക് വിമുക്ത മേഖലയായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. ആയത് ഉറപ്പാക്കുന്നതിലേക്കായി മിഷൻ ഗ്രീൻ ശബരിമല എന്ന പദ്ധതിയിലൂടെ തീർത്ഥാടകൾക്ക് വിവിധ ഭാഷകളിൽ ബോധവത്കരണം നടത്തുകയും കുടുംബശ്രീ പ്രവർത്തകരുടെ സഹായത്തോടെ തീർത്ഥാടകരിൽ നിന്നും പ്ലാസ്റ്റിക് സഞ്ചികൾ ശേഖരിച്ച് പകരം സൗജന്യമായി തുണി സഞ്ചികൾ വിതരണം ചെയ്യുകയും ചെയ്തിരുന്നു. കൂടാതെ പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ വിൽപ്പനയും ഉപയോഗവും പൂർണ്ണമായി നിരോധിച്ചുകൊണ്ടുള്ള വ്യവസ്ഥകൾ ലേല നടപടികളിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(23-3-2022-ലെ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

ശിപാർശ നമ്പർ 28

പൂങ്കാവനം മാലിന്യമുക്തമായി സംരക്ഷിക്കുന്നതിന് അവിടെ വരുന്ന തീർത്ഥാടകർ അനുവർത്തിക്കേണ്ട കാര്യങ്ങൾ വിവിധ ഭാഷകളിലെ ഓഡിയോ, വീഡിയോ സംവിധാനങ്ങൾവഴി പ്രചരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

വനം-വന്യജീവി (സി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 37/സി13/2019/വനം, തീയതി 1-2-2020)

പമ്പാനദിയിൽ വസ്ത്രം ഉപേക്ഷിച്ച് ഒഴുക്ക് തടസ്സപ്പെടുത്താതിരിക്കുക, പ്ലാസ്റ്റിക് നിർമ്മാർജ്ജനം, പൂങ്കാവനം മാലിന്യമുക്തമാക്കുക എന്നീ വിഷയങ്ങളിൽ ഭക്തരെ ബോധവത്കരിക്കുന്നതിനായി ഹിന്ദി, ഇംഗ്ലീഷ്, മലയാളം, തമിഴ്, കന്നട, തെലുങ്ക് ഭാഷകളിൽ ലഘുലേഖകൾ തയ്യാറാക്കി വിതരണം ചെയ്യുന്നതിനും, ബോധവത്കരണത്തിന്റെ ഭാഗമായി മേൽ വിഷയങ്ങൾ ഉൾപ്പെടുത്തി ആകാശവാണി മുഖേന സന്ദേശങ്ങൾ മണ്ഡലകാലത്ത് പ്രക്ഷേപണം ചെയ്യുന്നതിനും ഫോറസ്റ്റ് ഇൻഫർമേഷൻ ബ്യൂറോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(30-10-2020-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

ശിപാർശ നമ്പർ 29

ശബരിമലയിൽ ലഭിക്കുന്ന നാളികേരം, തെങ്ങിൻതൈ, പമ്പയിൽ ഉപേക്ഷിക്കുന്ന വസ്ത്രങ്ങൾ എന്നിവ ലേലം ചെയ്യുമ്പോൾ പരിസ്ഥിതി സംരക്ഷിക്കപ്പെടുന്ന തരത്തിലുള്ള സംവിധാനമുണ്ടാകണമെന്നും ലാഭകരമായും മനുഷ്യത്വപരമായും സാമൂഹികാവസ്ഥയ്ക്ക് ഗുണകരമായി അതുപയോഗിക്കുമെന്ന് ഉറപ്പാക്കുന്ന ആളുകൾക്ക് മാത്രമേ ലേലത്തിൽ പങ്കെടുക്കുന്നതിന് അവസരം നൽകാൻ പാടുള്ളൂവെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

പരിസ്ഥിതി (എ) വകുപ്പ്

(സർക്കാർ കത്ത് നം. എ 2/227/2019/പരി.,തീയതി 18-5-2022)

ലേലം നടത്തുന്നത് ദേവസ്വം ബോർഡാണ്. പ്രസ്തുത നടപടികൾ ലേലവ്യവസ്ഥകളിൽ ഉൾപ്പെടുത്തേണ്ടത് ദേവസ്വം ബോർഡാണ്. നദിയിൽ വസ്തുക്കൾ ഉപേക്ഷിക്കുന്ന രീതിയുടെ ദൂഷ്യവശങ്ങളെ സംബന്ധിച്ച് അയ്യപ്പൻമാരിൽ ബോധവൽക്കരണം നടത്തുന്നതിനായി ബോർഡ് NSS volunteers-ന്റെ സേവനം ഉപയോഗപ്പെടുത്തിയിരുന്നു. എന്നാൽ കോവിഡിനുശേഷം ഇത് കഴിഞ്ഞ രണ്ട് സീസണിൽ നടത്തിയിട്ടില്ല. കോവിഡ് നിയന്ത്രണങ്ങൾ നീക്കുന്ന മുറയ്ക്ക് അടുത്ത തീർത്ഥാടനകാലത്ത് വീണ്ടും NSS volunteers ന്റെ സേവനം ഉറപ്പുവരുത്തുന്നതായിരിക്കും.

(16-6-2022-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു)

ശിപാർശ നമ്പർ 31

അയ്യപ്പഭക്തർക്ക് ഹൃദയസംബന്ധമായ അസുഖങ്ങളും, മറ്റ് ഗുരുതരമായ ആകസ്മിക രോഗങ്ങളും ഉണ്ടാകുമ്പോൾ അവർക്കാവശ്യമായ ചികിത്സാ സൗകര്യങ്ങളും സ്പെഷ്യലൈസ്ഡ് ഡോക്ടർമാരുടെ സേവനവും ഉറപ്പാക്കുന്നതിനാവശ്യമായ നടപടികൾ ആരോഗ്യ വകുപ്പിന്റെ ഭാഗത്ത് നിന്നുണ്ടാകണമെന്നും അതോടൊപ്പം സീസൺ കാലയളവിൽ എരുമേലിയിലെ ആശുപത്രിയിൽ മുഴുവൻ സമയ കാർഡിയോളജിസ്റ്റിന്റെ സേവനം ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

ആരോഗ്യകുടുംബക്ഷേമ (എ) വകുപ്പ്

(സർക്കാർ കത്ത് നം. ആ.കു.വ.-എ 1/98/2019-ആകുവ,തീയതി 10-12-2021)

അയ്യപ്പഭക്തർക്ക് ഹൃദയസംബന്ധമായതും അല്ലാത്തതുമായ എല്ലാവിധ അസുഖങ്ങൾക്കും യഥാസമയം ചികിത്സ ലഭ്യമാക്കുന്നതിനായി മണ്ഡല മകരവിളക്ക് കാലയളവിൽ 24 മണിക്കൂറും നിലയ്ക്കൽ, പമ്പ, നീലിമല, അപ്പാച്ചിമേട്, സന്നിധാനം, ജനറൽ ആശുപത്രി

പത്തനംതിട്ട എന്നിവിടങ്ങളിൽ ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ ആശുപത്രി പ്രവർത്തിക്കുന്നു. കോട്ടയം ജില്ലയിൽ മികച്ച പൊതുജനാരോഗ്യ സേവനം നൽകി വരുന്ന ആശുപത്രിയാണ് ഏരുമേലി സാമൂഹികാരോഗ്യ കേന്ദ്രം. ടി ആശുപത്രിയിൽ ആറ് അസിസ്റ്റന്റ് സർജന്മാരുടെയും ഒരു സിവിൽ സർജന്റെയും തസ്തികകൾ ആണ് നിലവിലുള്ളത്. എല്ലാ തസ്തികകളിലും മെഡിക്കൽ ഓഫീസർമാർ ജോലി ചെയ്തു വരുന്നു. ശബരിമല സീസൺ കാലയളവിൽ മറ്റു ജില്ലകളിൽ നിന്നുള്ള ഡോക്ടർമാർ, നേഴ്സുമാർ, പാരാമെഡിക്കൽ ജീവനക്കാർ എന്നിവരെ ജോലിക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചു. 24 മണിക്കൂറും ആശുപത്രി പ്രവർത്തനസജ്ജമാക്കി വരുന്നു. ടി സമയത്തു ഐ.സി.യു., ഇൻപേഷ്യന്റ് സേവനങ്ങളുൾപ്പെടെയുള്ള സൗകര്യങ്ങൾ ചികിത്സ തേടി എത്തുന്ന രോഗികൾക്ക് നൽകി വരുന്നു. കാർഡിയോളജി വിഭാഗവുമായി ബന്ധപ്പെട്ട് കഴിഞ്ഞ ശബരിമല സീസൺ കാലയളവിൽ രോഗികൾ സേവനം തേടുകയും അവർക്കു ആവശ്യമായ ചികിത്സ നൽകുകയും ചെയ്തിട്ടുണ്ട്. സീസൺ അല്ലാത്ത കാലയളവിൽ ആരും തന്നെ ചികിത്സ തേടി വരാറില്ല. സീസൺ കാലയളവിൽ ഏരുമേലിയിലെ ആശുപത്രിയിൽ മുഴുവൻ സമയവും കാർഡിയോളജിസ്റ്റിന്റെ സേവനം ലഭിക്കുന്നതാണെന്നും അറിയിക്കുന്നു.

(24-1-2022-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

ശിപാർശ നമ്പർ 32

ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് എരുമേലി, പുൽമേട്, നിലയ്ക്കൽ, പമ്പ എന്നിവിടങ്ങളിലൂടെ സന്നിധാനത്ത് എത്തിച്ചേരുന്നവരുടെ എണ്ണം കൃത്യമായി രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം ഇതുവരെയും ആരംഭിച്ചിട്ടില്ല എന്ന് സമിതി കരുതുന്നു. ഭക്തരുടെ എണ്ണം തിട്ടപ്പെടുത്തിയാൽ അതിനനുസരിച്ചുള്ള സൗകര്യങ്ങൾ ഉണ്ടാക്കുന്നതിന് വകുപ്പുകൾക്ക് കഴിയുമെന്നതിനാൽ ഇതു സംബന്ധിച്ച വ്യക്തമായ കണക്കുകൾ തിട്ടപ്പെടുത്തുന്നതിനുള്ള ശാസ്ത്രീയമായ സംവിധാനം ഒരുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

ആഭ്യന്തര (ജി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ ജി2/107/2020/ആഭ്യന്തരം, തീയതി 4-11-2020)

എരുമേലി, പുല്ലുമേട്, നിലയ്ക്കൽ, പമ്പ എന്നിവിടങ്ങളിലൂടെ സന്നിധാനത്തേക്ക് എത്തിച്ചേരുന്നവരുടെ എണ്ണം നിലവിൽ കൃത്യമായി രേഖപ്പെടുത്തിവരുന്നതും ടി കണക്കുകൾ മറ്റു വകുപ്പുകൾക്ക് നൽകി ശാസ്ത്രീയമായ തീർത്ഥാടന സംവിധാനം നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കുന്നതുമാണ്.

(11-2-2021-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു)

<u>ശിപാർശ നമ്പർ 33</u>

ശബരിമല തീർത്ഥാടന സീസൺ കഴിഞ്ഞാൽ ഏകദേശം മൂന്ന് മാസക്കാലത്തോളം അട്ടത്തോട് മേഖലയിൽ ഈച്ചയും കൃമികീടങ്ങളും പെരുകി കോളനി നിവാസികൾക്ക് ത്വക്ക് രോഗങ്ങളും മറ്റ് പലവിധ അസുഖങ്ങളും ഉണ്ടാകുന്നുണ്ട് എന്ന പരാതി ഒഴിവാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

<u>ആരോഗ്യകുടുംബക്ഷേമ (എഫ്) വകുപ്പ്</u>

(സർക്കാർ കത്ത് നം. F2/149/2022-HEALTH, തീയതി 8-6-2022)

ശബരിമല തീർത്ഥാടനകാലം കഴിഞ്ഞാലുടൻ റാന്നി നിലമേൽ ഭാഗത്തെ ഖരമാലിന്യങ്ങൾ മാറ്റി വൃത്തിയാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുവാൻ റാന്നി (പെരുനാട്) പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ, അട്ടത്തോട് ഉൾപ്പെടുന്ന പ്രദേശങ്ങളിൽ ഈച്ച, കീടശല്യം ഒഴിവാക്കുന്നതിന് കീടനാശിനി പ്രയോഗം നിശ്ചിത ഇടവേളകളിൽ നടത്തുന്നതിനും സ്ഥിതി വിലയിരുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ റാന്നി (പെരുനാട്) പ്രാഥമികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസറെയും പത്തനംതിട്ട ഡി.വി.സി യൂണിറ്റിലെ ബയോളജിസ്റ്റിനെയും ചുമതലപ്പെടുത്തുവാനും ത്വക്ക് രോഗ വ്യാപനം സംബന്ധിച്ച വിഷയം പരിശോധിക്കുന്നതിനും ആവശ്യക്കാർക്ക് ചികിത്സ ഉറപ്പാക്കുന്നതിനും ത്വക്ക് രോഗവിദഗ്ദ്ധർ ഉൾപ്പെടുന്ന ഒരു മെഡിക്കൽ ടീമിനെ നിയോഗിക്കുന്നതിന് റാന്നി താലൂക്ക് ആശുപത്രി സൂപ്രണ്ടിനെ ചുമതലപ്പെടുത്തുവാനും മേൽ വിവരിച്ച നടപടികളുടെ മേൽനോട്ടത്തിനായി പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫീസറെ ചുമതലപ്പെടുത്തുവാനും ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുമുണ്ട്.

(10-8-2022-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

<u>ശിപാർശ നമ്പർ 34</u>

ശബരിമല മാസ്റ്റർ പ്ലാനിൽ നിർദ്ദേശിച്ചിട്ടുള്ള റോപ്‌വേ പദ്ധതി നടപ്പിലാക്കുന്നതിനോടൊപ്പം നിലയ്ക്കൽ മുതൽ പമ്പ വരെ ഫ്യുവൽ കൂടാതെയുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് വാഹനങ്ങൾ ഓടിക്കുന്നതിനുള്ള സാധ്യതകൾ പരിഗണിക്കണമെന്നും അത് ഈ വനമേഖലയിലെ കാർബൺമൂലമുള്ള മലിനീകരണം കുറയ്ക്കുന്നതിന് ഒരു പരിഹാരമാകുമെന്നതിനാൽ പ്രസ്തുത സംവിധാനങ്ങൾ പ്രാവർത്തികമാക്കുന്നതിന് ആവശ്യമായ അടിയന്തരനടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

<u>റവന്യൂ (ദേവസ്വം) വകുപ്പ്</u>

(സർക്കാർ കത്ത് നമ്പർ റവ.-ദേവ.2/134/2020-റവ., തീയതി 18-1.2022)

നിലയ്ക്കൽ മുതൽ പമ്പ വരെ ഇലക്ട്രിക്ക് വാഹനങ്ങൾ പരീക്ഷണാടിസ്ഥാനത്തിൽ ഉപയോഗിച്ചിട്ടുള്ളതാണെന്നും ആയത് കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് കെ.എസ്.ആർ.ടി.സി. / ഗതാഗത വകുപ്പുമായി ചേർന്ന് നടപടി സ്വീകരിക്കുന്നതാണെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(23-3-2022-ലെ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

<u>ശിപാർശ നമ്പർ 35</u>

സന്നിധാനത്ത് സ്ഥാപിച്ചിട്ടുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽനിന്നും പുറത്തേക്കു വരുന്ന മനുഷ്യ വിസർജ്ജ്യം കലർന്ന ജലം ഞുണങ്ങാറിലേക്കും അതുവഴി പമ്പയിലേക്കും ഒഴുകിയെത്തുന്നതുമൂലം രോഗാണുക്കൾ വർദ്ധിക്കുകയും പ്രസ്തുത ജലം പ്രധാന കുടിവെള്ള സ്രോതസ്സായി ഉപയോഗിക്കുന്ന അട്ടത്തോട് മേഖലയിലെ ആദിവാസി സമൂഹമുൾപ്പെടെയുള്ളവർക്ക് ജീവനുതന്നെ ഭീഷണിയായി മാറുകയും ചെയ്തിരിക്കുന്നു. ഇതു സൃഷ്ടിക്കുന്ന ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കാൻ മലിനീകരണ നിയന്ത്രണ ബോർഡിന്റെ സഹായത്താൽ അടിയന്തര പരിഹാരം കാണണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

<u>തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്</u>

(സർക്കാർ കത്ത് നമ്പർ 502/ഡി.സി.1/2019/തസ്വഭവ., തീയതി 22-1-2020)

സന്നിധാനത്ത് സ്ഥാപിച്ചിട്ടുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പ്രവർത്തനം മലിനീകരണ നിയന്ത്രണബോർഡിന്റെ നിരീക്ഷണത്തോടുകൂടി പ്രവർത്തിച്ചു വരുന്നു. അനന്തര നടപടികൾ സ്വീകരിക്കേണ്ടത് ദേവസ്വം ബോർഡും മലിനീകരണ നിയന്ത്രണ ബോർഡും ചേർന്നാണ്.

(30-10-2020-ലെ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

ശിപാർശ നമ്പർ 36

ശബരിമലയിൽ നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങൾ പരിസ്ഥിതി സൗഹൃദ മായിരിക്കണം. വികസന പ്രവർത്തനങ്ങൾ പരിശോധിക്കുവാനും തീർത്ഥാടനകാലം പരിസ്ഥിതിക്കേൽപ്പിക്കുന്ന ആഘാതം ലഘൂകരിക്കുന്നതിനും തീർത്ഥാടനത്തെ പരിസ്ഥിതി സൗഹൃദമാക്കുന്നതിനും വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ഉന്നതാധികാരമുള്ള ഒരു പരിസ്ഥിതി നിയന്ത്രണസെൽ രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

പരിസ്ഥിതി (എ) വകുപ്പ്

(സർക്കാർ കത്ത് നം. എ 2/227/2019/പരി., തീയതി 18-5-2022)

ഇക്കാര്യത്തിൽ ഏറ്റവും ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയുന്നത് തദ്ദേശസ്വയം ഭരണവകുപ്പിനാണ്. ആയതിനാൽ ഈ ഖണ്ഡിക തുടർ നടപടികൾക്കും സമിതിക്കു റിപ്പോർട്ട് നല്കുന്നതിലേക്കുമായി ആ വകുപ്പിന് കൈമാറിയിട്ടുണ്ട്.

(16-6-2022-ലെ സമിതിയോഗം പരിഗണിക്കുകയും തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു.)

ശിപാർശ നമ്പർ 37

ഓരോ വർഷവും ശബരിമലയിലെത്തുന്ന ഭക്തരുടെ എണ്ണം സംബന്ധിച്ച് കൃത്യമായ കണക്കുകൾ ശേഖരിക്കുവാനും എരുമേലിയുടെ സ്വാഭാവിക വിശുദ്ധി പരിരക്ഷിച്ചുകൊണ്ടും പാരിസ്ഥിതിക ദോഷം ഉണ്ടാകാതെയും ഭക്തരുടെ ആരാധനാ സ്വാതന്ത്ര്യം നിഷേധിക്കാതെയുമുള്ള ശാസ്ത്രീയമായ തീർത്ഥാടന സംവിധാനം വിവിധ വകുപ്പുകളുടെ ഏകോപനം വഴി നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

ആഭ്യന്തര (ജി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ ജി2/107/2020/ആഭ്യന്തരം, തീയതി 4-11-2020)

ഓരോ വർഷവും ശബരിമലയിലെത്തുന്ന ഭക്തരുടെ എണ്ണം സംബന്ധിച്ച് നിലവിൽ കണക്കുകൾ ശേഖരിച്ചു വരുന്നതും കൂടാതെ വിവിധ വകുപ്പുകളുമായി ചേർന്ന് ശാസ്ത്രീയമായ തീർത്ഥാടന സംവിധാനം നടപ്പിലാക്കാനുമുള്ള നടപടി സ്വീകരിക്കുന്നതുമാണ്.

(11-2-2021-ലെ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## ശിപാർശ നമ്പർ 38

വരും തലമുറയ്ക്ക് ഉപയുക്തമാകത്തക്ക വിധത്തിൽ വനവും നദികളും തോടുകളും ശുദ്ധീകരിച്ച് പരിപാലിക്കണമെന്നും ലക്ഷക്കണക്കിന് രൂപയുടെ പ്രോജക്ടുകൾ തയ്യാറാക്കിയതുകൊണ്ട് മാത്രം ഗുണം ഉണ്ടാകില്ലെന്നും ഭൂമിക്കടിയിലെത്തുന്ന മാലിന്യങ്ങൾ വലിച്ചെടുത്ത് മണ്ണിനെ ശുദ്ധീകരിക്കാൻ കെൽപ്പുള്ള മരങ്ങളും കൈതച്ചെടി ഉൾപ്പെടെയുള്ള സസ്യങ്ങളും പമ്പ ഉൾപ്പെടെയുള്ള നദികളുടെയും തോടുകളുടെയും തീരങ്ങളിൽ നട്ടുകൊണ്ട് ഭൂമിയുടെ സംഭരണ ശേഷി വർദ്ധിപ്പിക്കണമെന്നും അതിന് വനം, പരിസ്ഥിതി എന്നീ വകുപ്പുകളും കാർഷിക സർവ്വകലാശാലയുമായി ചേർന്ന് ആവശ്യമായ പ്രോജക്ടുകൾ തയ്യാറാക്കി അവ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

### വനം-വന്യജീവി (സി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 37/സി3/2019/വനം, തീയതി 1-2-2020)

പമ്പാ നദിയുടെ ഇരുതീരങ്ങളിലും മുള തൈകൾ വച്ചു പിടിപ്പിച്ച് നദീ തീരം സംരക്ഷിക്കുന്നതിന് അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, സോഷ്യൽ ഫോറസ്ട്രി, പത്തനംതിട്ടയെ ചുമതലപ്പെടുത്തിയിരുന്നു. പത്തനംതിട്ട സോഷ്യൽ ഫോറസ്ട്രി പമ്പാനദിയുടെയും അതിന്റെ പോഷക നദികളായ കക്കാട്ടാർ, കല്ലാർ, വരട്ടാർ എന്നീ നദികളുടെ തീരങ്ങളിൽ 25000 മുള തൈകൾ വച്ചു പിടിപ്പിച്ച് തീരം സംരക്ഷിക്കുന്നതിന് ജില്ലാ ഭരണകൂടവുമായി ചേർന്ന് ഒരു ബൃഹത് പദ്ധതി തയ്യാറാക്കുകയും പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം സെപ്റ്റംബർ ആറാം തീയതി ബഹു. വനം വകുപ്പ് മന്ത്രി നിർവഹിക്കുകയും ബഹു. ആറന്മുള എം.എൽ.എ. യോഗത്തിന് അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു. പത്തനംതിട്ട ജില്ലയിലെ വനേതര പ്രദേശങ്ങളിൽ പതിനെട്ട് പഞ്ചായത്തുകളിൽ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയും, വന പ്രദേശങ്ങളിൽ വനം വകുപ്പിന്റെ വന സംരക്ഷണ സമിതികളുടെയും ഇക്കോ ഡവലപ്പ്മെന്റ് കമ്മിറ്റികളുടെയും ആഭിമുഖ്യത്തിലും, ജനപ്രതിനിധികൾ, രാഷ്ട്രീയ നേതാക്കൾ, സർക്കാർ ജീവനക്കാർ, കോളേജ് വിദ്യാർത്ഥികൾ, എൻ.എസ്.എസ്., കുടുംബശ്രീ തുടങ്ങിയവർ സംയുക്തമായി തൈകൾ നട്ടുപിടിപ്പിച്ചു. പദ്ധതിക്കാവശ്യമായ മുള തൈകൾ കാസർഗോഡ് ജില്ലയിലെ കാസർഗോഡ് റെയിഞ്ചിലെ പാണ്ടി വന സംരക്ഷണ സമിതിയുടെ നഴ്സറിയിൽ നിന്നും ലഭ്യമാക്കി തൈ നടീൽ നടക്കുന്ന സ്ഥലങ്ങളിൽ നേരിട്ട്

പത്തനംതിട്ട സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ വഴി വിതരണം ചെയ്യുകയുണ്ടായി. പമ്പാ നദിയുടെയും പോഷക നദികളുടെയും കരയിൽ 3 മീറ്റർ അകലത്തിൽ പല സ്ഥലങ്ങളിലായി 72.8 കി. മീറ്റർ ദൂരത്തിലാണ് തൈകൾ നട്ടുപിടിപ്പിച്ചിരിക്കുന്നത്.

വനേതര പ്രദേശങ്ങളിൽ നട്ടുപിടിപ്പിച്ച മുള തൈകളുടെ പരിപാലനവും ട്രീഗാർഡ് നൽകുന്നതും തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്തുകൾ വഴിയും വനപ്രദേശങ്ങളിൽ നട്ടുപിടിപ്പിച്ചത് ഇ.ഡി.സി./വി.എസ്.എസ്. വഴിയും നടപ്പിലാക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(30-10-2020-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

<u>ശിപാർശ നമ്പർ 39</u>

ശബരിമലയുടെ പരിസ്ഥിതിയെ സംരക്ഷിച്ചു കൊണ്ട് തീർത്ഥാടകർക്ക് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി വിഭാവനം ചെയ്ത ശബരിമല മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള പ്രവർത്തനങ്ങൾ പൂർണ്ണമായി നടപ്പാക്കിയിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മാസ്റ്റർ പ്ലാൻ പൂർണ്ണമായും നടപ്പാക്കണമെന്നും അതോടൊപ്പം നിലയ്ക്കൽ, വണ്ടിപ്പെരിയാർ, എരുമേലി എന്നീ സ്ഥലങ്ങളിലേയ്ക്കായി പരിസ്ഥിതി സൗഹൃദമായ പ്രത്യേക ഡെവലപ്പ്മെന്റ് പ്ലാനുകൾ തയ്യാറാക്കി നടപ്പാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

<u>പരിസ്ഥിതി (എ) വകുപ്പ്</u>

(സർക്കാർ കത്ത് നം. എ 2/227/2019/പരി., തീയതി 18-5-2022)

പമ്പ, ശബരിമല, നിലയ്ക്കൽ എന്നിവിടങ്ങളിൽ മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നത് ഇതു സംബന്ധിച്ചുള്ള ഹൈ പവർ കമ്മറ്റിയാണ്. ശബരിമല മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള പ്രവർത്തനങ്ങൾക്കു നേതൃത്വം നല്കുന്നത് ദേവസ്വം വകുപ്പാണ്.

(16-6-2022-ലെ സമിതിയോഗം പരിഗണിക്കുകയും തദ്ദേശസ്വയംഭരണം, പൊതുമരാമത്ത്, ഗതാഗതം, ജലവിഭവം, റവന്യൂ (ദേവസ്വം), ആരോഗ്യകുടുംബക്ഷേമം, വനം-വന്യജീവി എന്നീ വകുപ്പുകളിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു.)

<u>അദ്ധ്യായം - III</u>

## സമിതി വിവിധ വകുപ്പുകളുടെ റിപ്പോർട്ട് ആവശ്യപ്പെട്ട ശിപാർശകൾ

| ക്രമ നമ്പർ | ശിപാർശ | വകുപ്പ് |
|---|---|---|
| 1. | <u>ശിപാർശ നം. 3</u><br>ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് നഗരങ്ങളിൽ അനുവർത്തിച്ച് വരുന്ന ഒന്നാണ് ബൈപ്പാസുകളുടെ നിർമ്മാണം. സ്ഥലപരിമിതിയും ഗതാഗതക്കുരുക്കും അനുഭവപ്പെടുന്ന എരുമേലിയിൽ തീർത്ഥാടന സീസണിൽ വളരെയധികം തിരക്ക് അനുഭവപ്പെടുന്നതിനാൽ അവിടെ തീർത്ഥാടകർക്കും മറ്റ് സ്ഥലവാസികൾക്കും സുഗമമായി സഞ്ചരിക്കാൻ ഉതകുന്നതരത്തിൽ ആധുനിക സാങ്കേതികവിദ്യ പരമാവധി പ്രയോജനപ്പെടുത്തി തീർത്ഥാടന സീസൺ സമയങ്ങളിൽ മാത്രം ആവർത്തിച്ചുപയോഗിക്കുന്ന തരത്തിലുള്ള താൽക്കാലിക നടപ്പാലങ്ങളുടെയും ചെറിയ വാഹനങ്ങൾ കടന്നുപോകാനുതകുന്ന തരത്തിലുള്ള താൽക്കാലിക ഫ്ലൈഓവറുകളുടെയും നിർമ്മാണ സാധ്യതാ പഠനം നടത്തി അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും ഇവയുടെ നിർമ്മാണ സാമഗ്രികൾ പരിസ്ഥിതി സൗഹൃദപരമായിരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | റവന്യൂ (ദേവസ്വം) |
| 2. | <u>ശിപാർശനം. 7</u><br>ഹരിദ്വാറിൽ ഗംഗാ ആരതിയ്ക്കായി ഗംഗാ നദിയിൽ കൈവഴി സൃഷ്ടിച്ചിട്ടുള്ളതുപോലെ ശബരിമല തീർത്ഥാടകരുടെ എല്ലാവിധ അനുഷ്ഠാനങ്ങളും നിറവേറ്റുന്നതിനു വേണ്ടി പമ്പാനദിയിൽ ഒരു കൈവഴി സൃഷ്ടിക്കുന്നതിനും കൈവഴിയിലുണ്ടാകുന്ന മാലിന്യങ്ങൾ | വനം-വന്യജീവി (സി) |

| | | |
|---|---|---|
| | നിർമ്മാർജ്ജനം ചെയ്ത് പമ്പയുമായി വീണ്ടും യോജിപ്പിക്കുന്നതിനും സഹായകരമാകുന്ന തരത്തിൽ അടിയന്തരമായി പഠനം നടത്തുകയും പ്രസ്തുത പഠനത്തിന്റെ അടിസ്ഥാനത്തിൽ ഒരു പദ്ധതി തയ്യാറാക്കി നടപ്പിലാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | |
| 3. | <u>ശിപാർശ നം. 36</u><br>ശബരിമലയിൽ നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങൾ പരിസ്ഥിതി സൗഹൃദമായിരിക്കണം. വികസന പ്രവർത്തനങ്ങൾ പരിശോധിക്കുവാനും തീർത്ഥാടനകാലം പരിസ്ഥിതിക്കേൽപ്പിക്കുന്ന ആഘാതം ലഘൂകരിക്കുന്നതിനും തീർത്ഥാടനത്തെ പരിസ്ഥിതി സൗഹൃദമാക്കുന്നതിനും വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ഉന്നതാധികാരമുള്ള ഒരു പരിസ്ഥിതി നിയന്ത്രണ സെൽ രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | തദ്ദേശസ്വയംഭരണം |
| 4. | <u>ശിപാർശ നം. 39</u><br>ശബരിമലയുടെ പരിസ്ഥിതിയെ സംരക്ഷിച്ചു കൊണ്ട് തീർത്ഥാടകർക്ക് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി വിഭാവനം ചെയ്ത ശബരിമല മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള പ്രവർത്തനങ്ങൾ പൂർണ്ണമായി നടപ്പാക്കിയിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മാസ്റ്റർ പ്ലാൻ പൂർണ്ണമായും നടപ്പാക്കണമെന്നും അതോടൊപ്പം നിലയ്ക്കൽ, വണ്ടിപ്പെരിയാർ, എരുമേലി എന്നീ സ്ഥലങ്ങളിലേയ്ക്കായി പരിസ്ഥിതി സൗഹൃദമായ പ്രത്യേക ഡെവലപ്പ്മെന്റ് പ്ലാനുകൾ തയ്യാറാക്കി നടപ്പാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | വനം-വന്യജീവി, തദ്ദേശസ്വയംഭരണം, പൊതുമരാമത്ത്, ഗതാഗതം, ജലവിഭവം, ആരോഗ്യ-കുടുംബക്ഷേമം, റവന്യൂ (ദേവസ്വം) |

## അദ്ധ്യായം - IV

## നടപടി റിപ്പോർട്ട് ലഭ്യമാക്കാത്ത ശിപാർശകളുടെ വിശദാംശങ്ങൾ

| ക്രമ നമ്പർ | ശിപാർശ | വകുപ്പ് |
|---|---|---|
| 1. | സീസൺ സമയത്തു പ്രവർത്തിക്കുന്ന താത്കാലിക കടകളിലെ മാലിന്യങ്ങൾ സീസൺ കഴിഞ്ഞശേഷം ഉപേക്ഷിച്ച് പോകുന്നതായി സമിതിയുടെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. കടകൾ ലേലം പിടിക്കുന്നവരിൽ നിന്നും ലേലം പിടിക്കുന്ന സമയത്തുതന്നെ മാലിന്യ സംസ്കരണത്തിനാവശ്യമായ ഒരു തുക മുൻകൂർ ആയി സ്വീകരിച്ചതിനു ശേഷം മാത്രം കരാർ ഉറപ്പിക്കണം എന്നും മാലിന്യം സംസ്കരിക്കണമെന്ന് നിഷ്കർഷിക്കുകയും ആയതിന് വിമുഖത കാണിക്കുന്നവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതിനും മാലിന്യ സംസ്കരണം ബന്ധപ്പെട്ട തദ്ദേശ സ്ഥാപനം നിർവ്വഹിക്കുന്നപക്ഷം ആയതിനു ചെലവാകുന്ന തുക കരാറുകാരനിൽ നിന്നും അഡ്വാൻസ് ഇനത്തിൽ ഈടാക്കി വകയിരുത്താൻ നടപടി സ്വീകരിക്കണമെന്നും ലേലം പിടിക്കുന്നവർ മാലിന്യങ്ങൾ എങ്ങനെ പ്രോസസ് ചെയ്യുന്നുവെന്നും, പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കുന്നുണ്ടോ എന്നും, ഹൈപവർ കമ്മിറ്റിയും ദേവസ്വം ബോർഡും നിരീക്ഷിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ് |
| 2. | ശബരിമല തീർത്ഥാടകരുടെ ഇരുമുടിക്കെട്ടിലുള്ളതും, പേട്ട തുള്ളലിന് കടകളിൽ നിന്ന് വാങ്ങി ഉപയോഗിക്കുന്നതുമായിട്ടുള്ള രാസസിന്ദൂരം ഉയർത്തുന്ന പാരിസ്ഥിതിക ഭീഷണി ചെറുതല്ല എന്ന് സമിതി മനസ്സിലാക്കുന്നു. ലോഹാംശം കൂടുതലുള്ള മാരകമായ രാസസിന്ദൂരത്തിനുപകരം ജൈവസിന്ദൂരം തീർത്ഥാടകർക്ക് നൽകുന്നതിന് ഒരു പരിപാടി സംഘടിപ്പിച്ചിരുന്നതായും തെലങ്കാന അഗ്രികൾച്ചർ യൂണിവേഴ്സിറ്റി വികസിപ്പിച്ചെടുത്ത ശുദ്ധമായ ജൈവസിന്ദൂരം സാധാരണ ഭക്തരിൽ എത്തിച്ചിട്ടില്ല എന്നും തെളിവെടുപ്പ് യോഗത്തിൽ പരിസ്ഥിതി പ്രവർത്തകർ അറിയിച്ചിരുന്നു. ആയതിനാൽ, | റവന്യൂ (ദേവസ്വം) വകുപ്പ് |

| | | |
|---|---|---|
| | രാസസിന്ദൂരം ഉപയോഗിക്കുന്നത് നിരോധിക്കണമെന്നും വിലവർദ്ധനവ് ഉണ്ടായാലും മാരകമായ രാസസിന്ദൂരം ഒഴിവാക്കി ജൈവസിന്ദൂരത്തിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കണമെന്നും രാസസിന്ദൂരം വിൽക്കരുതെന്ന് വ്യാപാരികളുടെ ഇടയിൽ ബോധവൽകരണം നടത്തണമെന്നും അതുപോലെ ബ്ലീച്ചിംഗ് പൗഡറിന്റെ ഉപയോഗം പരമാവധി കുറയ്ക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | |
| 3. | ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് ലാഭം മാത്രം ലക്ഷ്യമാക്കിയുള്ള ഒരു കച്ചവട സമൂഹം പ്രവർത്തിക്കുന്നുണ്ടെന്നും ഇത്തരം കച്ചവട സമൂഹത്തിന്റെ ദുരാഗ്രഹം മൂലമാണ് എരുമേലിയും, സന്നിധാനവും കൂടുതൽ മലിനപ്പെടുന്നതെന്നും സമിതി നിരീക്ഷിക്കുന്നു. ഈ സമൂഹത്തിന്റെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുവാനും നിയന്ത്രിക്കുവാനും നിലവിലുള്ളതിനേക്കാൾ കൂടുതൽ മെച്ചപ്പെട്ട ഒരു നിയമസംവിധാനം ഉണ്ടാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | തദ്ദേശസ്വയംഭരണ വകുപ്പ് |
| 4. | പ്രകൃതി സംരക്ഷിച്ചു നിർത്തിയിരിക്കുന്ന ഒന്നാണ് ശബരിമല ക്ഷേത്രമെന്നും ക്ഷേത്രത്തെയും ദേവനെയും ഭക്തിയോടെ കാണുന്നതുപോലെ തന്നെ പ്രകൃതിയെയും ജലത്തെയും സംരക്ഷിക്കേണ്ടത് അത്യാവശ്യമാണെന്നും അത്തരത്തിലുള്ള പാരിസ്ഥിതികാവബോധം ഭക്തരിലും വരുംതലമുറയിലും ഉണ്ടാക്കുന്നതിനാവശ്യമായ നടപടികൾ ദേവസ്വം ബോർഡ് സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | റവന്യൂ (ദേവസ്വം) വകുപ്പ് |
| 5. | ശബരിമലയിൽ ലഭിക്കുന്ന നാളികേരം, തെങ്ങിൻതൈ, പമ്പയിൽ ഉപേക്ഷിക്കുന്ന വസ്തുങ്ങൾ എന്നിവ ലേലം ചെയ്യുമ്പോൾ പരിസ്ഥിതി സംരക്ഷിക്കപ്പെടുന്ന തരത്തിലുള്ള സംവിധാനമുണ്ടാകണമെന്നും ലാഭകരമായും മനുഷ്യത്വപരമായും സാമൂഹികാവസ്ഥയ്ക്ക് ഗുണകരമായി അതുപയോഗിക്കുമെന്ന് ഉറപ്പാക്കുന്ന ആളുകൾക്ക് മാത്രമേ ലേലത്തിൽ പങ്കെടുക്കുന്നതിന് അവസരം നൽകാൻ പാടുള്ളൂവെന്നും സമിതി ശിപാർശ ചെയ്യുന്നു. | റവന്യൂ (ദേവസ്വം) വകുപ്പ് |

| | | |
|---|---|---|
| 6. | ശബരിമലയിലേയ്ക്കുള്ള പരമ്പരാഗത പാത കൂടുതൽ പ്രോത്സാഹിപ്പിക്കണമെന്നും പ്രസ്തുത പാതയിൽ തീർത്ഥാടകർക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | റവന്യൂ (ദേവസ്വം) വകുപ്പ് |
| 7. | ശബരിമല മാസ്റ്റർ പ്ലാനിൽ നിർദ്ദേശിച്ചിട്ടുള്ള റോപ്‌വേ പദ്ധതി നടപ്പിലാക്കുന്നതിനോടൊപ്പം നിലയ്ക്കൽ മുതൽ പമ്പ വരെ ഫ്യൂവൽ കൂടാതെയുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് വാഹനങ്ങൾ ഓടിക്കുന്നതിനുള്ള സാധ്യതകൾ പരിഗണിക്കണമെന്നും അത് ഈ വനമേഖലയിലെ കാർബൺ മൂലമുള്ള മലിനീകരണം കുറയ്ക്കുന്നതിന് ഒരു പരിഹാരമാകുമെന്നതിനാൽ പ്രസ്തുത സംവിധാനങ്ങൾ പ്രാവർത്തികമാക്കുന്നതിന് ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | ഗതാഗത (എ) വകുപ്പ് |
| 8. | അപ്പം, അരവണ എന്നിവ ഉണ്ടാക്കുന്നതിനായി സന്നിധാനത്തേക്ക് ശർക്കര കൊണ്ടുവരുന്നത് പ്ലാസ്റ്റിക് ചാക്കുകളിലാണ്. ഉപയോഗശേഷം ഈ ചാക്കുകൾ വനത്തിലേയ്ക്ക് വലിച്ചെറിയുന്ന സ്ഥിതിയുണ്ട്. ഇത് ആന ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾ ഭക്ഷിക്കുന്നതുമൂലം അവ ചത്തൊടുങ്ങുന്നതിന് കാരണമാകുന്നു. ആയതിനാൽ ശർക്കര കൊണ്ടുവരുന്നത് പനയോല കൊണ്ട് നെയ്ത വട്ടികളിലാക്കി ചണ ചാക്കുകളിൽ ആയിരിക്കണമെന്നും ഉപയോഗശേഷം ഈ ചാക്കുകൾ ലേലം ചെയ്ത് കൊടുക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. | റവന്യൂ (ദേവസ്വം) വകുപ്പ് |
| 9. | ശബരിമലയിലെ പരിസ്ഥിതി മലിനീകരണംമൂലം സൂക്ഷ്മജീവികൾ, ചിത്രശലഭങ്ങൾ, പക്ഷികൾ, കാട്ടുമൃഗങ്ങൾ എന്നിവയ്ക്കുണ്ടായിട്ടുള്ള വംശനാശത്തെക്കുറിച്ചും ആവാസ വ്യവസ്ഥയിലുണ്ടായ മാറ്റത്തെക്കുറിച്ചും സമഗ്രമായ പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | വനം-വന്യജീവി, പരിസ്ഥിതി |

## അദ്ധ്യായം - V

## സമിതിയുടെ തുടർ ശിപാർശകൾ

1. സീസൺ സമയത്തു പ്രവർത്തിക്കുന്ന താത്കാലിക കടകളിലെ മാലിന്യങ്ങൾ സീസൺ കഴിഞ്ഞശേഷം ഉപേക്ഷിച്ചു പോകുന്നതായി സമിതിയുടെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. കടകൾ ലേലം പിടിക്കു ന്നവരിൽ നിന്നും ലേലം പിടിക്കുന്ന സമയത്തുതന്നെ മാലിന്യ സംസ്കരണത്തിനാവശ്യമായ ഒരു തുക മുൻകൂർ ആയി സ്വീകരിച്ചതിനു ശേഷം മാത്രം കരാർ ഉറപ്പിക്കണം എന്നും മാലിന്യം സംസ്കരിക്കണമെന്ന് നിഷ്കർഷിക്കുകയും ആയതിന് വിമുഖത കാണിക്കുന്നവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതിനും മാലിന്യ സംസ്കരണം ബന്ധപ്പെട്ട തദ്ദേശ സ്ഥാപനം നിർവ്വഹിക്കുന്നപക്ഷം ആയതിനു ചെലവാക്കുന്ന തുക കരാറുകാരനിൽ നിന്നും അഡ്വാൻസ് ഇനത്തിൽ ഈടാക്കി വകയിരുത്താൻ നടപടി സ്വീകരിക്കണമെന്നും ലേലം പിടിക്കുന്നവർ മാലിന്യങ്ങൾ എങ്ങനെ പ്രോസസ് ചെയ്യുന്നുവെന്നും, പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കുന്നുണ്ടോ എന്നും, ഹൈപവർ കമ്മിറ്റിയും ദേവസ്വം ബോർഡും നിരീക്ഷിക്കണമെന്നും തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

2. ശബരിമല തീർത്ഥാടകരുടെ ഇരുമുടിക്കെട്ടിലുള്ളതും, പേട്ട തുള്ളലിന് കടകളിൽ നിന്ന് വാങ്ങി ഉപയോഗിക്കുന്നതുമായിട്ടുള്ള രാസസിന്ദൂരം ഉയർത്തുന്ന പാരിസ്ഥിതിക ഭീഷണി ചെറുതല്ല എന്ന് സമിതി മനസ്സിലാക്കുന്നു. ലോഹാംശം കൂടുതലുള്ള മാരകമായ രാസസിന്ദൂരത്തിനുപകരം ജൈവസിന്ദൂരം തീർത്ഥാടകർക്ക് നൽകുന്നതിന് ഒരു പരിപാടി സംഘടിപ്പിച്ചിരുന്നതായും തെലങ്കാന അഗ്രികൾച്ചർ യൂണിവേഴ്സിറ്റി വികസിപ്പിച്ചെടുത്ത ശുദ്ധമായ ജൈവസിന്ദൂരം സാധാരണ ഭക്തരിൽ എത്തിച്ചിട്ടില്ല എന്നും തെളിവെടുപ്പ് യോഗത്തിൽ പരിസ്ഥിതി പ്രവർത്തകർ അറിയിച്ചിരുന്നു. ആയതിനാൽ, രാസസിന്ദൂരം ഉപയോഗിക്കുന്നത് നിരോധിക്കണമെന്നും വിലവർദ്ധനവ് ഉണ്ടായാലും മാരകമായ രാസസിന്ദൂരം ഒഴിവാക്കി ജൈവസിന്ദൂരത്തിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കണമെന്നും രാസസിന്ദൂരം വിൽക്കരുതെന്ന് വ്യാപാരികളുടെ ഇടയിൽ ബോധവൽകരണം നടത്തണമെന്നും അതുപോലെ ബ്ലീച്ചിംഗ് പൗഡറിന്റെ ഉപയോഗം പരമാവധി കുറയ്ക്കണമെന്നും റവന്യൂ (ദേവസ്വം) വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

3. ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് ലാഭം മാത്രം ലക്ഷ്യമാക്കിയുള്ള ഒരു കച്ചവട സമൂഹം പ്രവർത്തിക്കുന്നുണ്ടെന്നും ഇത്തരം കച്ചവട സമൂഹത്തിന്റെ ദുരാഗ്രഹംമൂലമാണ് എരുമേലിയും, സന്നിധാനവും കൂടുതൽ മലിനപ്പെടുന്നതെന്നും സമിതി നിരീക്ഷിക്കുന്നു. ഈ സമൂഹത്തിന്റെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുവാനും നിയന്ത്രിക്കുവാനും നിലവിലുള്ളതിനേക്കാൾ കൂടുതൽ മെച്ചപ്പെട്ട ഒരു നിയമസംവിധാനം ഉണ്ടാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നും തദ്ദേശസ്വയംഭരണ വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

4. പ്രകൃതി സംരക്ഷിച്ച് നിർത്തിയിരിക്കുന്ന ഒന്നാണ് ശബരിമല ക്ഷേത്രമെന്നും ക്ഷേത്രത്തെയും ദേവനെയും ഭക്തിയോടെ കാണുന്നതുപോലെ തന്നെ പ്രകൃതിയെയും ജലത്തെയും സംരക്ഷിക്കേണ്ടത് അത്യാവശ്യമാണെന്നും അത്തരത്തിലുള്ള പാരിസ്ഥിതികാവബോധം ഭക്തരിലും വരുംതലമുറയിലും ഉണ്ടാക്കുന്നതിനാവശ്യമായ നടപടികൾ ദേവസ്വം ബോർഡ് സ്വീകരിക്കണമെന്നും റവന്യൂ (ദേവസ്വം) വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

5. ശബരിമലയിൽ ലഭിക്കുന്ന നാളികേരം, തെങ്ങിൻതൈ, പമ്പയിൽ ഉപേക്ഷിക്കുന്ന വസ്ത്രങ്ങൾ എന്നിവ ലേലം ചെയ്യുമ്പോൾ പരിസ്ഥിതി സംരക്ഷിക്കപ്പെടുന്ന തരത്തിലുള്ള സംവിധാനമുണ്ടാകണമെന്നും ലാഭകരമായും മനുഷ്യത്വപരമായും സാമൂഹികാവസ്ഥയ്ക്ക് ഗുണകരമായി അതു പയോഗിക്കുമെന്ന് ഉറപ്പാക്കുന്ന ആളുകൾക്ക് മാത്രമേ ലേലത്തിൽ പങ്കെടുക്കുന്നതിന് അവസരം നൽകാൻ പാടുള്ളൂവെന്നും റവന്യൂ (ദേവസ്വം) വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

6. ശബരിമലയിലേയ്ക്കുള്ള പരമ്പരാഗത പാത കൂടുതൽ പ്രോത്സാഹിപ്പിക്കണമെന്നും പ്രസ്തുത പാതയിൽ തീർത്ഥാടകർക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും റവന്യൂ (ദേവസ്വം) വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

7. ശബരിമല മാസ്റ്റർ പ്ലാനിൽ നിർദ്ദേശിച്ചിട്ടുള്ള റോപ്‌വേ പദ്ധതി നടപ്പിലാക്കുന്നതിനോടൊപ്പം നിലയ്ക്കൽ മുതൽ പമ്പ വരെ ഫ്യുവൽ കൂടാതെയുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് വാഹനങ്ങൾ ഓടിക്കുന്നതിനുള്ള സാധ്യതകൾ പരിഗണിക്കണമെന്നും അത് ഈ വനമേഖലയിലെ കാർബൺമൂലമുള്ള മലിനീകരണം കുറയ്ക്കുന്നതിന് ഒരു പരിഹാരമാകുമെന്നതിനാൽ പ്രസ്തുത സംവിധാനങ്ങൾ പ്രാവർത്തികമാക്കുന്നതിന് ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കണമെന്നും ഗതാഗത വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

8. അപ്പം, അരവണ എന്നിവ ഉണ്ടാക്കുന്നതിനായി സന്നിധാനത്തേക്ക് ശർക്കര കൊണ്ടുവരുന്നത് പ്ലാസ്റ്റിക് ചാക്കുകളിലാണ്. ഉപയോഗശേഷം ഈ ചാക്കുകൾ വനത്തിലേയ്ക്ക് വലിച്ചെറിയുന്ന സ്ഥിതിയുണ്ട്. ഇത് ആന ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾ ഭക്ഷിക്കുന്നതുമൂലം അവ ചത്തൊടുങ്ങുന്നതിന് കാരണമാകുന്നു. ആയതിനാൽ ശർക്കര കൊണ്ടുവരുന്നത് പനയോല കൊണ്ട് നെയ്ത്ത വട്ടികളിലാക്കി ചണ ചാക്കുകളിൽ ആയിരിക്കണമെന്നും ഉപയോഗശേഷം ഈ ചാക്കുകൾ ലേലം ചെയ്ത് കൊടുക്കണമെന്നും റവന്യൂ (ദേവസ്വം) വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു.

9. ശബരിമലയിലെ പരിസ്ഥിതി മലിനീകരണംമൂലം സൂക്ഷ്മജീവികൾ, ചിത്രശലഭങ്ങൾ, പക്ഷികൾ, കാട്ടുമൃഗങ്ങൾ എന്നിവയ്ക്കുണ്ടായിട്ടുള്ള വംശനാശത്തെക്കുറിച്ചും ആവാസവ്യവസ്ഥയിലുണ്ടായ മാറ്റത്തെക്കുറിച്ചും സമഗ്രമായ പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് വനം-വന്യജീവി, പരിസ്ഥിതി എന്നീ വകുപ്പുകളോട് സമിതി ശിപാർശ ചെയ്യുന്നു.

10. ഗതാഗതകുരുക്ക് ഒഴിവാക്കുന്നതിന് നഗരങ്ങളിൽ അനുവർത്തിച്ചു വരുന്ന ഒന്നാണ് ബൈപ്പാസുകളുടെ നിർമ്മാണം. സ്ഥലപരിമിതിയും ഗതാഗതക്കുരുക്കും അനുഭവപ്പെടുന്ന എരുമേലിയിൽ തീർത്ഥാടന സീസണിൽ വളരെയധികം തിരക്ക് അനുഭവപ്പെടുന്നതിനാൽ അവിടെ തീർത്ഥാടകർക്കും മറ്റ് സ്ഥലവാസികൾക്കും സുഗമമായി സഞ്ചരിക്കാൻ ഉതകുന്നതരത്തിൽ ആധുനിക സാങ്കേതികവിദ്യ പരമാവധി പ്രയോജനപ്പെടുത്തി തീർത്ഥാടന സീസൺ സമയങ്ങളിൽ മാത്രം ആവർത്തിച്ചുപയോഗിക്കുന്നതരത്തിലുള്ള താൽക്കാലിക നടപ്പാലങ്ങളുടെയും ചെറിയ വാഹനങ്ങൾ കടന്നുപോകാനുതകുന്ന തരത്തിലുള്ള താൽക്കാലിക ഫ്ലൈഓവറുകളുടെയും നിർമ്മാണസാധ്യതാപഠനം നടത്തി അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും ഇവയുടെ നിർമ്മാണസാമഗ്രികൾ പരിസ്ഥിതി സൗഹൃദപരമായിരിക്കണമെന്നും റവന്യൂ (ദേവസ്വം) വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

11. ഹരിദ്വാറിൽ ഗംഗാ ആരതിയ്ക്കായി ഗംഗാനദിയിൽ കൈവഴി സൃഷ്ടിച്ചിട്ടുള്ളതുപോലെ ശബരിമല തീർത്ഥാടകരുടെ എല്ലാവിധ അനുഷ്ഠാനങ്ങളും നിറവേറ്റുന്നതിനു വേണ്ടി പമ്പാനദിയിൽ ഒരു കൈവഴി സൃഷ്ടിക്കുന്നതിനും കൈവഴിയിലുണ്ടാകുന്ന മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്ത് പമ്പയുമായി വീണ്ടും യോജിപ്പിക്കുന്നതിനും സഹായകരമാകുന്ന തരത്തിൽ അടിയന്തരമായി പഠനം നടത്തുകയും പ്രസ്തുത പഠനത്തിന്റെ അടിസ്ഥാനത്തിൽ ഒരു പദ്ധതി തയ്യാറാക്കി നടപ്പിലാക്കണമെന്നും വനം വന്യജീവി (സി) വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

12. ശബരിമലയിൽ നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങൾ പരിസ്ഥിതി സൗഹൃദ മായിരിക്കണം. വികസന പ്രവർത്തനങ്ങൾ പരിശോധിക്കുവാനും തീർത്ഥാടനകാലം പരിസ്ഥിതിക്കേൽപ്പിക്കുന്ന ആഘാതം ലഘൂകരിക്കുന്നതിനും തീർത്ഥാടനത്തെ പരിസ്ഥിതി സൗഹൃദമാക്കുന്നതിനും വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ഉന്നതാധികാരമുള്ള ഒരു പരിസ്ഥിതി നിയന്ത്രണസെൽ രൂപീകരിക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

13. ശബരിമലയുടെ പരിസ്ഥിതിയെ സംരക്ഷിച്ചു കൊണ്ട് തീർത്ഥാടകർക്ക് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി വിഭാവനം ചെയ്ത ശബരിമല മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള പ്രവർത്തനങ്ങൾ പൂർണ്ണമായി നടപ്പാക്കിയിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മാസ്റ്റർ പ്ലാൻ പൂർണ്ണമായും നടപ്പാക്കണമെന്നും അതോടൊപ്പം നിലയ്ക്കൽ, വണ്ടിപ്പെരിയാർ, എരുമേലി എന്നീ സ്ഥലങ്ങളിലേയ്ക്കായി പരിസ്ഥിതി സൗഹൃദമായ പ്രത്യേക ഡെവലപ്പ്മെന്റ് പ്ലാനുകൾ തയ്യാറാക്കി നടപ്പാക്കണമെന്നും വനം-വന്യജീവി, തദ്ദേശസ്വയംഭരണ, പൊതുമരാമത്ത്, ഗതാഗതം, ജലവിഭവം, ആരോഗ്യ-കുടുംബക്ഷേമം, റവന്യൂ (ദേവസ്വം) എന്നീ വകുപ്പുകളോട് സമിതി ശിപാർശ ചെയ്യുന്നു.

ഇ. കെ. വിജയൻ,

*അദ്ധ്യക്ഷൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം.
2023 മാർച്ച് 14.